# ഒലിവുമല പ്രഭാഷണവും ആശയക്കുഴപ്പങ്ങളും

രാജൻ തോമസ്, ബഹറിൻ

www.bahrainbrethren.com

വിശുദ്ധനാട് എന്നറിയപ്പെടുന്ന യിസ്രായേൽ–പലസ്തീൻ പ്രദേശം വീണ്ടും യുദ്ധസംഘർഷഭരിതമാകുന്നു! അല്ലായെങ്കിലും പശ്ചിമേഷ്യ എന്നും യുദ്ധങ്ങളുടെയും പോരാട്ടങ്ങളുടെയും തട്ടകം തന്നെ ആയിരുന്നല്ലോ. സ്വഭാവികമായും ഒരു ചോദ്യം വേദ പുസ്തക അനുവാചകർ ചോദിച്ചേക്കാം; ''യേശുക്രിസ്തു പ്രവചിച്ച ''യുദ്ധങ്ങളുടെയും യുദ്ധശ്രുതികളുടെയും'' (മത്തായി 24:6,7) ഭാഗമോ ഇതൊക്കെ?

ആദ്യം തന്നെ അസന്നിഗ്ദമായി പറഞ്ഞുകൊള്ളട്ടെ , അല്ലേ, അല്ല ; കർത്താവ് തന്റെ ഒലിവുമല പ്രഭാഷണത്തിൽ പ്രസ്താവിച്ച യുദ്ധങ്ങളും യുദ്ധശ്രുതികളും ഇത്യാദി സംഭവങ്ങ ളല്ല.

ഏതെങ്കിലും ഒരു യുദ്ധവാർത്ത കേൾക്കുമ്പോൾ സാധാരണ ഗതിയിൽ ചിന്തിക്കുന്നത് അത് അങ്ങനെതന്നെയാണ് എന്നാണ്. കാരണം , പാരമ്പര്യമായും അനേകർ പ്രസംഗിച്ചതും പഠിപ്പിച്ചതും അങ്ങനെതന്നെ എന്നായതുകൊണ്ട്.എന്തു കൊണ്ട് പഠിപ്പിച്ചു ? ഒലിവുമല പ്രഭാ ഷണത്തെ മനസ്സിലാക്കേണ്ട രീതിയിൽ മനസിലാക്കി വ്യാഖ്യാനിക്കാനിക്കാതിരുന്നതുകൊണ്ട് സംഭവിച്ചു പോയതാണ്.

സമാന്തര സുവിശേഷകൻമാരായ മത്തായി, മർക്കൊസ് ലൂക്കൊസ് എന്നീ മൂന്നു പേരും ക്രിസ്തുവിന്റെ ഒലിവുമല പ്രഭാഷണ ശകലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രഭാഷണത്തിന്റെ അടിസ്ഥാന അറിവിന്റെ തലത്തിലേക്ക് നമ്മെ നയിക്കാൻ ഈ സുവിശേ ഷകൻമാർ രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങൾ പല പ്രാവശ്യം വായിക്കേണ്ടിയിരിക്കു ന്നു.

1. മത്തായി 24,25
2. മർക്കൊസ് 13
3. ലൂക്കൊസ് 21

മുകളിൽ പറഞ്ഞിരിക്കുന്ന അദ്ധ്യായങ്ങൾ വായിച്ചാൽ മാത്രം പോരാ അത് മനസ്സിലാ ക്കേണ്ട രീതിയിൽ മനസ്സിലാക്കുകയും വേണം.

പ്രവചനപരമാണല്ലോ പ്രസ്തുത പ്രഭാഷണം! ഏതൊരു വസ്തുതയും മനസ്സിലാക്കണ മെങ്കിൽ അതിന് വിശകലനം ആവശ്യമാണ് പൊതു പശ്ചാത്തലം, ചരിത്രപരവും ഭൂമിശാസ്ത്രപരമായ വിശകലനം, ഭാഷാപരവും, യുഗപരമായ പശ്ചാത്തലം മുതലായവയ്ക്ക് വിഷയീഭവിച്ചെങ്കിൽ മാത്രമേ ബൈബിളിലെ മറ്റേതെങ്കിലും ഭാഗത്തെപ്പോലെ തന്നെ ഒലിവുമല പ്രഭാഷണത്തെ ശരിയായി മനസ്സിലാക്കുവാനും കർത്താവ് എന്താണ് ഉദ്ദേശിച്ച തെന്ന് ഗ്രഹിക്കുവാനും കഴിയുകയുള്ളൂ.

## ഒലിവുമല പ്രഭാഷണത്തിന്റെ ഭൂമിശാസ്ത്ര പശ്ചാത്തലം

യിസ്രായേൽ ജനത്തിന്റെ ആത്മീയവും മതപരവുമായ ജീവിതത്തിന്റെ ബാഹ്യചിഹ്ന മായിരുന്നു അവരുടെ ദേവലയം. അതിന്റെ കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു ഉയർന്ന കുന്നാണ് ഒലിവുമല . ദേവാലയത്തിനും ഒലിവുമലയ്ക്കും ഇടയ്ക്കായി ഏതാണ്ട് 500 മീറ്റർ ദൂരം മാത്രമേയുള്ളൂ. പഴയ യെരുശലേമിന്റെ കിഴക്കേ മതിലിന് താഴ്‌വാരത്തിൽ കൂടി ഒഴുകുന്ന ഒരു വലിയ തുറന്ന ഓടയാണ് കിദ്രോൻ തോട്. പട്ടണത്തിലെ മലിന ജലവും മലിന വസ്തുക്കളും ഒഴുക്കി കളയുകയും എറിഞ്ഞു കളയുകയും ചെയ്യുന്ന ഒരു താഴ്‌വര. കിദ്രോൻ തോട് കടന്ന് കിഴക്കോട്ട് നടന്നാൽ ഒലിവുമലയുടെ പടിഞ്ഞറേ താഴ്‌വാരമായി.

പ്രസ്തുത താഴ്വാരത്തിന്റെ ഒരു ഭാഗത്തായി ഗത്സമന തോട്ടം സ്ഥിതി ചെയ്യുന്നു. വിവിധ വൃക്ഷലതാദികളാൽ നിറഞ്ഞ പ്രദേശമാണെങ്കിലും, കുന്നിന്റെ മുകളിലേക്ക് ചെല്ലുന്തോറും അനേക വർഷം പഴക്കമുള്ള ഒലിവു തരുക്കൾ തിങ്ങി ഇടതൂർന്ന് നില്ക്കുന്ന സ്ഥലം.

സുഖകരവും ശീതളവുമാണ് ഒലിവുമലയിലെ സായാഹ്നങ്ങൾ. പട്ടണത്തിന്റെ ക്രയവിക്രയങ്ങളിൽ മുഴുകി ക്ഷീണിച്ചു പോകുന്നവർക്ക് ഒന്നു വിശ്രമിക്കുവാനും, ആശ്വസിക്കുവാനും പറ്റിയ ഉന്നത പ്രതലം. പടിഞ്ഞാറു നിന്നും മെഡിറ്ററേനിയൻ ശീതളക്കാറ്റ് പലസ്തീൻ മലകളും താണ്ടി , കടന്നു വരുമ്പോൾ ഒലിവുമലയിലെ വൃക്ഷലതാദികൾ അവയെ സ്വാഗതം ചെയ്ത് അവിടെ വിശ്രമത്തിന് വരുന്ന ആർക്കും കുളിർമയും, തണലും നൽകുന്നു.

ഒലിവു മലയിൽ നിന്നും 45 ഡിഗ്രി പടിഞ്ഞാറ് തെക്കായി നോക്കിയാൽ ഏതാണ്ട് 45 ഏക്കറോളം വരുന്ന ദേവാലയകുന്ന് (Temple Mount) കാണാം. പ്രസ്തുത കുന്നിന്റെ തെക്കു ഭാഗത്തായി പണിതുറപ്പിച്ച ഒരു '' വാസ്തുശില്പവിസ്മയ പ്രതിഭാസം'' (An amazing architectural Phenomena) എ.ഡി ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു വിസ്മയ കാഴ്ചയായി നില നിന്നു.

''ഹെരോദാവിനാൽ പണി കഴിപ്പിച്ച ഈ മനോഹര ശില്പം കാണാത്തവർ അവരുടെ ജീവിതത്തിലോരിക്കലും ഒരു മനോഹര ശില്പം കണ്ടിട്ടില്ല , നീല, പച്ച, ചുമപ്പ് തുടങ്ങിയ വിവിധ വർണ്ണ മാർബിളുകളാൽ പൊതിഞ്ഞ സൗധം '' എന്ന് ആ കാലത്ത് യഹൂദ ജ്ഞാനികൾ വിളിച്ച് പറഞ്ഞ് പഠിപ്പിച്ചു കൊണ്ടിരുന്ന നിസ്തുല്യ സൗധം!

വൈവിധ്യ വർണ്ണ മാർബിളുകളാൽ പൊതിയപ്പെട്ട ദേവാലയങ്ങളും ഗോപുരങ്ങളും പടിഞ്ഞാറ് മെഡിറ്ററേനിയനിൽ മുങ്ങിക്കുളിക്കുവാൻ പോകുന്ന പകലോന്റെ അന്തിക്കതിരുകളിൽ മുങ്ങി നില്ക്കുന്ന കാഴ്ച കിഴക്ക് ഒലിവുമലയിൽ നിന്ന് നോക്കുമ്പോൾ ആരെയും വിസ്മയഭരിതരാക്കും.

## ഒലിവുമല പ്രഭാഷണത്തിന്റെ ചരിത്ര പശ്ചാത്തലം

''പരിശുദ്ധനും , നീതിമാനുമായവനെ തള്ളിപ്പറയുന്ന '' (അപ്പോ. 3:14) തിന്റെ പൂർത്തീകരണത്തിലേക്ക് കർത്താവിന്റെ ഇഹലോകവാസം അടുത്തു കൊണ്ടിരുന്ന സമയം ! '' യിസ്രായേലിന്റെ മഹത്വത്തെ'' യാണ് (ലൂക്കോസ് 2:30) തള്ളിപ്പറഞ്ഞതെന്ന് '' സ്വന്തമായവർ'' (യോഹന്നാൻ 1:11) അന്ന് ഗ്രഹിച്ചിരുന്നില്ല.

യഹൂദജനത കർത്താവിനെ തള്ളിപ്പറഞ്ഞത് ക്രമാനുഗതമായ രീതിയിലായിരുന്നു. മത്തായി 12:22–37 വായിക്കുമ്പോൾ ഭൂതഗ്രസ്ഥനെ സൗഖ്യമാക്കിയ വസ്തുത അതവൻ സാത്താന്റെ സഹായത്താൽ ചെയ്തുവെന്ന് ആരോപിച്ച് കർത്താവിന്റെ കർതൃത്വത്തെയും ദൈവത്വത്തെയും അവർ നിരാകരിച്ചു.

ഒരു രാഷ്ട്രമെന്ന നിലയിൽ യിസ്രായേൽ ജനം അവനെ തള്ളിക്കളഞ്ഞ വസ്തുത മത്തായി 13:52 മുതൽ 16:12 വരെ വായിക്കുമ്പോൾ അവിടെ പ്രകടമായിരിക്കുന്നു. സ്വഃപിതൃഭവനത്തിൽ അവൻ നിഷേധിക്കപ്പെട്ടു. (മത്തായി 13:52–58) തന്റെ പാത നിരപ്പാക്കുവാൻ വന്നവനെ ഹെരോദാവ് തല വെട്ടിയതോട് അവർ തന്നെ നിഷേധിക്കുകയും അനന്തരം നിർജ്ജന പ്രദേശത്തേക്ക് വേറിട്ട് പോവുകയും ചെയ്തു. (മത്തായി. 14:13) യഹൂദശാസ്ത്രിമാരും പരീശൻമാരും തന്നെ തിരസ്കരിച്ചു (മത്തായി 15) തുടർന്ന് താൻ കാൽവറിക്രൂശിൽ മരിക്കുന്നതുവരെയും യഹൂദ ജാതിയുടെ തിരസ്കരണം തുടർന്നുകൊണ്ടേയിരുന്നു.

കർത്താവിന്റെ ഇഹലോകത്തിലെ അവസാനത്തെ ആഴ്ച വളരെ തിരക്കേറിയതായിരുന്നു. ***ഞായറാഴ്ച രാവിലെ*** കർത്താവ് യെരുശലേമിനടുത്തുള്ള ബേത്ഫഗായിൽ നിന്നും

തന്റെ ഹോശന്ന യാത്ര ആരംഭിച്ചു. (മത്തായി 21:1–11 വരെ) തിങ്കളാഴ്ച രാവിലെ വീണ്ടും താൻ നഗരത്തിലേക്ക് യാത്രയായി. ആ യാത്രയിലായിരുന്നു താൻ വഴിയരികെ നിന്ന അത്തിയെ ശപിച്ചത്. ദൈവത്തിന്റെ ജനമെന്ന നിലയിൽ യിസ്രായേൽ രാഷ്ട്രത്തിന്റെ ഫലമില്ലായ്മയാണ് അത്തിയെ ശപിച്ചതിൽ നിന്നും പ്രകടമാക്കിയത്. ആവർത്തനം 28 –ാം അദ്ധ്യായത്തിൽ യഹോവയുടെ വചനങ്ങളെ ഉപേക്ഷിക്കുന്ന യഹൂദ ജാതിക്ക് വരുവാനിരുന്ന ശാപങ്ങൾ അവരെ ഓർപ്പിക്കയായിരുന്നു. തുടർന്ന് താൻ ദേവാലയത്തിൽ പ്രവേശിച്ച് തന്റെ പ്രശസ്തമായ ദേവാലയ ശുദ്ധീകരണം നടത്തി. അവിടെ വച്ച് പലരെയും സൗഖ്യമാക്കുകയും ചെയ്തു. മത്തായി 21:23 മുതൽ 26:16 വരെയും സമാന്തര ഭാഗങ്ങളായ മർക്കൊസ് 11:27 മുതൽ 13:14–37 വരെയും , ലൂക്കൊസ് 20 മുതൽ 21:36 വരെയുള്ള ഭൂരിഭാഗവും ***ചൊവ്വാഴ്ചയും, ബുധനാഴ്ചയും*** താൻ ദേവാലയത്തിൽ ആയിരുന്നപ്പോൾ ചെയ്തതും പഠിപ്പിച്ചതുമാണ്. മത്തായി 21:23 ൽ താൻ ദേവാലയത്തിൽ ചെന്നതായും 24:1 ൽ താൻ ദേവാലയം വിടുന്നതായും കാണുന്നു. ഇപ്രകാരം കർത്താവിന്റെ മരണത്തിൻ മുമ്പുള്ള ഞായറാഴ്ച മുതൽ ബുധനാഴ്ച വരെ തന്റെ ശുശ്രൂഷകൾ യെരുശലേമിനോടും , യരുശലേം ദേവാലയത്തിനോട് അനുബന്ധിച്ചുള്ളതുമായിരുന്നു എന്ന് കാണാം.

അവസാനമായി താൻ ദേവാലയം വിട്ടു പോകുന്നതിന് മുമ്പുള്ള വചനങ്ങൾ യുഗപരമായി വളരെയധികം പ്രാധാന്യമർഹിക്കുന്നു. മത്തായി 23: 37–39 വരെ നാമിങ്ങനെ വായിക്കുന്നു. ''യെരുശലേമേ, യെരുശലേമേ പ്രവാചകൻമാരെ കൊല്ലുകയും , നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ , കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്തു കൊൾവാൻ എനിക്ക് എത്ര വട്ടം മനസ്സായിരുന്നു. നിങ്ങൾക്കോ മനസ്സായില്ല. <u>നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും</u>. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്ന് നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു''.

ഇതു പറഞ്ഞിട്ട് '' യേശു ദേവാലയം വിട്ടു'' (മത്തായി 24:1) ''യിസ്രായേലിന്റെ മഹത്വം ഇതാ മനസ്സില്ലാമനസ്സോടെ ദേവാലയത്തിൽ നിന്ന് വിട്ടു പോകുന്നു!

പണ്ടും പല പ്രാവശ്യം മഹത്വം ദേവാലയത്തിൽ നിന്ന് വിട്ടുപോയിട്ടുണ്ട്. 1 ശമുവേൽ 4:21 ൽ '' മഹത്വം യിസ്രായേലിൽ നിന്ന് വിട്ടു പോയത് ചരിത്രമാണ്. സങ്കീ. 78:60 –ൽ ദൈവം ''ശീലോവിലെ തിരുനിവാസവും അവൻ മനുഷ്യരുടെ ഇടയിൽ അടിച്ചിരുന്ന കൂടാരവും ഉപേക്ഷിച്ചത് '' നാം കാണുന്നു. എന്നാൽ 1 രാജാ 8:10,11 –ൽ ദേവാലയ പ്രതിഷ്ഠയോടുള്ള ബന്ധത്തിൽ പ്രസ്തുത മഹത്വം തിരികെ വരുന്നതായും കാണുന്നു.

ബി.സി 586 ൽ യെരുശലേം ദേവാലയം നശിപ്പിക്കപ്പെടുന്നതിന് മുമ്പായി <u>**''യഹോവയുടെ മഹത്വം ''**</u> നഗരത്തിന്റെ നടുവിൽ നിന്ന് മേലോട്ട് പൊങ്ങി നഗരത്തിന് കിഴക്കുവശത്തുള്ള പർവ്വതത്തിൻമേൽ നിന്നു എന്നു നാം വായിക്കുന്നു. (യെഹ.11:23) ഭാവിയിൽ സഹസ്രബ്ദ ദേവാലയത്തിൽ ആ മഹത്വം വീണ്ടും വന്നു ചേരും എന്നു നാം വായിക്കുന്നു. (യെഹ.43:4) എപ്പഴെല്ലാം യഹോവയുടെ മഹത്വം യെരുശലേമിൽ നിന്ന് വിട്ടു പോയോ അപ്പോഴെല്ലാം അവർക്ക് നാശവും വന്നു ഭവിച്ചു.

ഇവിടെ ഇതാ യഹോവയുടെ മഹത്വം ദേവാലയം വിട്ടു പോകുന്നു! മത്തായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു '' യേശു ദേവാലയം വിട്ടു പോകുമ്പോൾ ശിഷ്യൻമാർ അവനു ദേവാലയത്തിന്റെ പണി കാണിക്കേണ്ടതിന് അവന്റെ അടുക്കൽ വന്നു'' (മത്തായി 24:1) മർക്കൊസ് പറയുന്നത് ''ശിഷ്യൻമാരിലൊരുത്തൻ , ഗുരോ , ഇതാ എങ്ങനെയുള്ള കല്ല്, എങ്ങനെ യുള്ള പണി എന്ന് അവനോട് പറഞ്ഞു. (മർക്കൊസ് 13:1) അതേ കാര്യം തന്നേ ലൂക്കൊസ് പറയുമ്പോൾ ''ചിലർ (ശിഷ്യൻമാർ) ദൈവാലയത്തെക്കുറിച്ച് അത് മനോഹരമായ കല്ലുകളാലും വഴിപാടുകളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞു''. (ലൂക്കൊ.21:5)

യുഗപ്രധാനമായ ചില സത്യങ്ങൾ കർത്താവിൽ നിന്നും വെളിപ്പെടുത്തികിട്ടത്തക്ക രീതിയിൽ കരണീയമായിത്തീർന്ന പരിശുദ്ധാത്മ പ്രേരിത സ്വഭാവിക (ട്യീമിേശൗ) ചോദ്യങ്ങളായിരുന്നു ശിഷ്യൻമാരിൽ നിന്നും ഉത്ഗമിച്ചത്.

കർത്താവിന്റെ മറുപടി അന്നത്തേക്ക് ഏതാണ്ട് 37 വർഷങ്ങൾക്കു ശേഷം ചരിത്രത്തിൽ നിറവേറിയ വസ്തുതയെ മുൻകൂട്ടി അറിയിക്കുന്ന പ്രവചനമായിരുന്നു.

മത്തായി ഇങ്ങനെ രേഖപ്പെടുത്തി ''അവൻ അവരോട് ഇതെല്ലാം കാണുന്നില്ലയോ ? ഇടിഞ്ഞു പോകാതെ കല്ലിൻമേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്ന് പറയുഞ്ഞു. (മത്തായി 24:21)

മർക്കൊസ് അത് ഇങ്ങനെ രേഖപ്പെടുത്തി ''നീ ഈ വലിയ പണി കാണുന്നുവോ ? ഇടിക്കാതെ കല്ലിൻമേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്ന് പറഞ്ഞു''. (മർക്കൊസ് 13:2)

ലൂക്കൊസ് എഴുതി ''ഈ കാണുന്നതിൽ ഇടിഞ്ഞു പോകാതെ കല്ല് കല്ലിൻമേൽ ശേഷിക്കാത്ത കാലം വരും എന്ന് അവൻ പറഞ്ഞു''. കർത്താവിന്റെ മറുപടി ശിഷ്യൻമാരെ സംബന്ധിച്ചിടത്തോളം അവിശ്വസനീയമായിരുന്നു. അന്നത്തെ പശ്ചിമേഷ്യൻ വാസ്തുശില്പ വിസ്മയം തകർന്നു വീഴുകയോ?

## ദേവാലയ ചരിത്രം

ശലോമോനാൽ പണിതുറപ്പിച്ച ദേവാലയത്തെക്കുറിച്ച് യഹോവ ഇപ്രകാരം അരുളിച്ചെയ്തു ''എന്റെ നാമം ഈ ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിന് ഞാനിപ്പോൾ അതിനെ തിരഞ്ഞെടുത്ത് വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായിപ്പോഴും ഇവിടെയിരിക്കും''. (2ദിന.7:16) പക്ഷേ കാലം കഴിഞ്ഞപ്പോൾ യിസ്രായേൽ ജനം അവരുടെ മുഖം യഹോവയിൽ നിന്ന് തിരിച്ചു കളഞ്ഞപ്പോൾ ബി.സി 586- ൽ ദേവാലയം നശിപ്പിക്കപ്പെട്ടു.

70 വർഷത്തെ പ്രവാസത്തിനു ശേഷം തിരികെ വന്ന ഏകദേശം 50,000 ത്തോളം ജനം സെരുബാബ്ബേലിന്റെ നേതൃത്വത്തിൽ പഴയ ദേവാലയം നിന്ന അതേ സ്ഥാനത്തു തന്നെ രണ്ടാമത്തെ ദേവാലയം പണിതുറപ്പിച്ചു.ബി.സി യുടെ സായാഹ്നമായപ്പോഴേക്കും റോമൻ സർവ്വലോകാധിനിവേശത്തിന്റെ ഭാഗമെന്നോണം യഹൂദയും യരുശലേമും അവരുടെ നിയന്ത്രണത്തിൻ കീഴിലായി.

ഭരണം എപ്പോഴും അതതു പ്രദേശത്തെ മഹാരാജാക്കൻമരെ ഏല്പിച്ച് അവരിൽ കൂടെ നിയന്ത്രണമേർപ്പെടുത്തുന്ന ബൗദ്ധിക തന്ത്രമായിരുന്നു റോം മെനഞ്ഞെടുത്ത് നടത്തിയിരുന്നത്. ഈ നിലയിലാണ് മഹാനായ ഹെരോദാവിനെ , ബി.സി 40-ൽ യഹൂദൻമാരുടെ മേൽ വാണരുളുവാൻ റോം അവരുടെ പാവ രാജാവായി (Puppet king) അഭിഷേകം ചെയ്തത്. യേശുവിന്റെ ജനനസമയത്ത് പ്രസ്തുത ഹെരോദാവിന്റെ വാഴ്ചയായിരുന്നു. തന്റെ മരണശേഷം തന്റെ നാലു പുത്രൻമാരായ ഹേരോദുമാർ പല സ്ഥാനങ്ങളിലായി റോമിന്റെ അനുശാസനപ്രകാരം വാണരുളിയതായി പുതിയ നിയമം വെളിച്ചം നൽകുന്നു. മഹാനായ ഹെരോദാവ് (Herod the great) യെഹൂദൻമാർക്ക് സ്വീകാര്യനല്ലാത്ത ഭരണാധികാരി ആയിരുന്നു. താൻ ആരെ ഭരിക്കുന്നുവോ അവരുടെ പ്രീതി സമ്പാദിക്കാനായി പലതും ചെയ്തുകൂട്ടി. അതിന്റെ ഭാഗമായിരുന്നു ജൂത മത വികാരങ്ങളുടെ നാഡിവ്യൂഹമായ ദേവാലയം മോടിപിടിപ്പിക്കുവാൻ താൻ തയ്യാറായത്. സെരുബാബ്ബേലിന്റെ നേതൃത്വത്തിൽ പണിതുറപ്പിച്ച രണ്ടാമത്തെ ദേവാലയത്തിന്റെ ഉയരം ഇരട്ടിയാക്കി ധാരാളം സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഇറ്റലിയിൽ നിന്ന് ഇറക്കു മതി ചെയ്ത വിവിധ വർണ്ണ മിനുസ മാർബിളുകളാൽ ദേവാലയത്തെ പുറം മോടി പിടിപ്പിച്ചു. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യഹൂദ ചരിത്രകാരനായിരുന്ന ജോസിഫസിന്റെ ''യഹൂദൻമാരുടെ യുദ്ധങ്ങൾ (Wars of Jews)'' എന്ന ചരിത്ര കൃതി

യിലെ അഞ്ചാം പുസ്തകത്തിന്റെ 5-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദേവാലയ വിവരണം ഇത്തരത്തിൽ അനുവാചകർ വായിച്ചിരിക്കുന്നത് നന്ന്. ഹെരോദാവ് പണിതുറപ്പിച്ച ദേവാലയത്തിന്റെ ദൃക്സാക്ഷി ചരിത്ര വിവരണം തന്നെയാണ് അത്. വിസ്തീർണ്ണം ചെയ്ത് മോടിപിടിപ്പിച്ച ദേവാലയത്തിന് അനേക പ്രത്യേകതകൾ തന്നെയുണ്ടായിരുന്നു. സ്ത്രീകൾക്ക് മാത്രം മാറി നിന്ന് ദേവാലയ ശുശ്രൂഷ വീക്ഷിക്കത്തക്ക രീതിയിൽ ദീർഘിപ്പിച്ചു പണിതെടുത്ത (Extension work) സ്ത്രീകളുടെ പ്രാകാരവും , ദേവാലയമഹത്വം കേട്ടറിഞ്ഞ് അത് ദർശിക്കാനെത്തുന്ന യഹൂദേതര വിജാതികൾക്ക് വേണ്ടിയുള്ള ''ജാതികളുടെ പ്രാകാരവും'' അവയിൽ ചില പ്രത്യേകതകൾ മാത്രം.

താഴെ ഉദ്ധരിച്ചിരിക്കുന്നത് മുകളിൽ പറഞ്ഞ ''യഹൂദൻമാരുടെ യുദ്ധങ്ങളിലെ'' അഞ്ചാമദ്ധ്യായത്തിലെ ഒരു പ്രധാനപ്പെട്ട ഭാഗം ! When you go through these (first) cloisters, unto the second (court of the ) temple, there was a partition made of stone all round, whose height was three cubits: its construction was elegant; upon it stood pillars, at equal distances from one another declaring the law of purity, some in greek and some in Roman letters, that " NO FOREIGNER SHOULD GO WITHIN THAT SANCTUARY" for that second (court of the ) temple was called "the sancturry" പ്രസ്തുത മുന്നറിയിപ്പ് അതു പോലെ മുറിച്ചെടുത്ത് Dallas Theological Seminary " യിലെ പുരാവസ്തു ഗവേഷണ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത് കാണാൻ ഈ ലേഖകന് കഴിഞ്ഞു.

ഇവിടെ ഇതാ ഒരു നടുച്ചുവർ ! (middle wall of partition) യഹൂദനെയും ജാതികളെയും തമ്മിൽ വേർതിരിച്ചിരുന്ന നടുച്ചുവർ . എഫേ.2:14 – ാം വാക്യത്തിൽ '' വേർപാടിന്റെ നടുച്ചുവർ'' എന്ന് പൗലോസ് രേഖപ്പെടുത്തിയതിൽ തന്നെ പ്രേരിപ്പിച്ചത് പ്രസ്തുത വസ്തുതയായിരിക്കാം!

കല്ലിൻമേൽ കല്ല് ശേഷിക്കാതെ നശിച്ചു പോകുമെന്ന് കർത്താവ് പ്രവചനഭാഷയിൽ പ്രസ്താവിച്ചത് പ്രസ്തുത ദേവാലയത്തെക്കുറിച്ചായിരുന്നു. എ.ഡി 70 ൽ പ്രസ്തുത പ്രവചനം അക്ഷരീകമായി നിറവേറിയ വസ്തുത വേദപുസ്തക ചരിത്ര വിദ്യാർത്ഥികൾക്ക് സുപരിചിതമാണല്ലോ. വെസ്പേഷ്യൻ കൈസറുടെ മകനായിരുന്ന തീത്തോസ് കൈസറിന്റെ നേതൃത്വത്തിൽ നടന്ന യഹൂദ കലാപ സംഹാരത്തിൽ കർത്താവിന്റെ പ്രവചനം ചരിത്രമായി മാറി . യേശു പ്രവചിച്ചതു പോലെ ദേവാലയം കല്ലിൻമേൽ കല്ല് ശേഷിക്കാതെ നശിച്ചു പോയി . അതിന് ദൃക്സാക്ഷിയായി തീർന്ന ചരിത്രകാരനായിരുന്ന ഫ്ളേവിയസ് ജോസിഫസ് വിഷാദഹൃദയത്തോടെ പ്രസ്തുത ചരിത്ര വിവരണങ്ങൾ തന്റെ 'യഹൂദൻമാരുടെ യുദ്ധങ്ങളിൽ', അതിന്റെ അഞ്ചാം പുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

എ.ഡി 70 ലെ ആഗസ്റ്റു മാസം 10-ാം തീയതി ആണ് ദേവാലയം കത്തി നശിച്ചത് , യഹൂദ കലണ്ടർ പ്രകാരം ബി.സി 586 -ൽ ഒന്നാം ദേവാലയം നെബുഖദ്നേസറിനാൽ ചുട്ടുകരിച്ചതും ആഗസ്റ്റ് 10-ാം തീയതി ആയിരുന്നു.

നശിപ്പിക്കപ്പെട്ട ദേവാലയത്തെക്കുറിച്ചുള്ള ഒരു ഐതീഹം ഇപ്രകാരം നിലനില്ക്കുന്നു. ദേവാലയം കത്തി നശിച്ചു കൊണ്ടിരിക്കുമ്പോൾ മന്ദിരത്തിന്റെ താക്കോലുമായി ഒരു പുരോഹിതൻ ദേവാലയ ഗോപുരത്തിൻമേൽ കയറി സ്വർഗ്ഗത്തിലേക്ക് കൈ ഉയർത്തി ഇങ്ങനെ പറഞ്ഞു. '' ഇപ്പോൾ യഹോവേ, അങ്ങയുടെ മന്ദിരം സംരക്ഷിപ്പാൻ ഞങ്ങൾ അയോഗ്യരായി തീർന്നതിനാൽ , എന്ന് ഞങ്ങൾ യോഗ്യരായി തീരുമോ അന്നു വരെ ഈ താക്കോൽ അങ്ങു സ്വീകരിച്ചാലും '' ഇതു പറഞ്ഞ് മുകളിലേക്ക് എറിഞ്ഞ താക്കോൽ കൂട്ടം ആകാശത്തു നിന്ന് ഒരു കരം വന്ന് ഗ്രസിച്ചുകൊണ്ടു പോയി എന്നു പോൽ !

ഏതായാലും യേശു ദേവാലയം വിട്ടു പോയി. ദൈവാലയത്തിന്റെ പടി ഇറങ്ങി, പട്ടണത്തിന്റെ കിഴക്കേ മതിലും ഇറങ്ങി. കിദ്രോൻ തോടും കടന്ന് ഒലിവു കുന്നിന്റെ മുകളിലേക്ക് ശിഷ്യൻമാരുമായി താൻ നടന്നു പോയി. യെരുശലേമിനും ദേവാലയത്തിനും വരാൻ പോകുന്ന നാശം സർവ്വജ്ഞാനിയായ ദൈവപുത്രന്റെ ഹൃദയത്തിൽ സംഗ്രഹിച്ചെങ്കിലും, ഒരു പക്ഷേ തൊട്ടു മുമ്പ് ദേവാലയത്തിൽ വച്ച് തന്നിൽ നിന്നും കേട്ട വചനങ്ങളാൽ ശിഷ്യവൃന്ദങ്ങളുടെ ഹൃദയം ആശയ കുഴപ്പത്തിൽ എത്തിയിരിക്കാം.

മുകളിൽ കണ്ട പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമ്മൾക്ക് കർത്താവിന്റെ പ്രവചന പ്രശസ്തമായ ഒലിവുമല പ്രഭാഷണത്തിലേക്ക് പ്രവേശിക്കാം.

## ഒലിവുമല പ്രഭാഷണം

കുളിർമയേറിയ ആ സായാഹ്നത്തിൽ അവിടെ അതാ ഒരു പ്രവചന ഉന്നതല ചർച്ച (An eschatological Summit) മത്തായി 24 ന്റെ 3 ൽ ശിഷ്യൻമാർ രണ്ടു ചോദ്യങ്ങൾ ചോദിക്കുന്നു.

**ഒന്നാം ചോദ്യം :– അത് എപ്പോൾ സംഭവിക്കും ?**

**രണ്ടാം ചോദ്യം :– നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് ?**

സമാന്തര സുവിശേഷങ്ങളിൽ മൂന്നിലും ചിതറി രേഖപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ പ്രഭാഷണം മുകളിൽ ഉദ്ധരിച്ച രണ്ടു ചോദ്യങ്ങളെയും അധീകരിച്ചുകൊണ്ടുള്ളതാണെന്നുള്ള വസ്തുത അനുവാചകർ ആദ്യം തന്നെ ഹൃദയത്തിൽ കുറിക്കുക. ഈ ഘട്ടത്തിൽ യഹൂദ ഭാഷാ സംസ്കാരം ഒന്നു ചിന്തിക്കുന്നത് നല്ലതാണ്. സെമിറ്റിക്ക് ഭഷകളായ യഹൂദ, അരാമ്യ, അറബി സംസാര ഭാഷയിൽ ഒന്നിൽ അധികം ചോദ്യം ചോദിച്ചാൽ അവസാന ചോദ്യത്തിനാണ് ആദ്യം ഉത്തരം ലഭിക്കുന്നത്. യഹൂദഭാഷക്കാരനായ മത്തായി , കർത്താവിന്റെ ഉത്തരം രേഖപ്പെടുത്തിയിരിക്കുന്നത് ഈ ക്രമത്തിലാണ്. ഒന്നാം ചോദ്യമായ ''അത് എപ്പോൾ സംഭവിക്കും ?'' എന്ന ചോദ്യത്തിന്റെ ഉത്തരം മത്തായി 24–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാം ചോദ്യമായ ''നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് ?'' എന്ന ചോദ്യത്തിന്റെ മറുപടി മാത്രമേ മത്തായി തന്റെ 24–ഉം , 25 ഉം അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളു. ഈ സത്യം അനേകരും ശ്രദ്ധിക്കാത്തതിനാൽ ചില വ്യാഖാന പിശകുകളിൽ എത്തി ചേർന്നിട്ടുണ്ട്.

ഏതായാലും നമുക്ക് ഒന്നാമത്തെ ചോദ്യവും അതിന്റെ ഉത്തരവും വിചിന്തനത്തിന് വിഷയീഭവിപ്പിക്കാം.

### ഒന്നാം ചോദ്യം

'' ***അത് എപ്പോൾ സംഭവിക്കും ? ഏത് ?*** തീർച്ചയായും ശിഷ്യൻമാർ ഉദ്ദേശിച്ചത് ദേവാലയത്തിന്റെ നാശമാകുന്നു. പ്രവചനങ്ങൾ വിചിന്തനം ചെയ്താൽ ഏതെങ്കിലും സംഗതികൾ കൃത്യമായി ഏത് സമയ പരിധിയിൽ സംഭവിക്കും എന്നുള്ളത് വെളിപ്പെടുത്തി കിട്ടാത്ത സത്യമായി ശേഷിക്കും. ഉദാഹരണമായി കർത്താവിന്റെ മഹത്വപ്രത്യക്ഷതയുടെ സമയപരിധിയെക്കുറിച്ച് പഞ്ഞിരിക്കുന്നത് നമുക്ക് അറിയാമല്ലോ ? മത്തായി 24 ന്റെ 36–ൽ '' ആ നാളും നാഴികയും സംബന്ധിച്ചോ; എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതൻമാരും പുത്രനും കൂടെ അറിയുന്നില്ല.'' ഈ പ്രയോഗത്തിൽ പ്രസ്തുത സമയപരിധി മറച്ചു വച്ചിരിക്കുന്നതിന്റെ അതി സാന്ദ്രത അടങ്ങിയിരിക്കുന്നു. ഇതു പോലെ തന്നെ യെരുശലേം നാശത്തിന്റെ കൃത്യമായ വർഷമോ , മാസമോ, സമയമോ കർത്താവിന്റെ ഉത്തരത്തിൽ ഉള്ളടങ്ങിയിട്ടില്ല. എന്താണ് കാരണം ?

ഏതാണ്ട് 38 വർഷങ്ങൾക്ക് ശേഷം എ.ഡി. 70 –ൽ കൃത്യമായി യെരുശലേമിന്റെ നാശം സംഭവിച്ചു എന്നുള്ളത് ചരിത്രമാണ്. എന്നാൽ 38 വർഷങ്ങൾക്ക് ശേഷം അത് സംഭവിക്കും എന്നുള്ളത് കർത്താവ് വെളിപ്പെടുത്തിയിട്ടില്ല. കാരണം അന്നേക്ക് ഏതാണ്ട് 52–ാം

ദിവസം സഭയുടെ പിറവി നടക്കുമെന്നുള്ള വസ്തുത കർത്താവിനറിയാമായിരുന്നു. പെന്ത ക്കോസ്തു നാളിൽ പിറന്നു വീഴേണ്ട സാർവ്വത്രിക സഭയുടെ (Church Universal) ആദ്യത്തെ സ്ഥാനീയ സഭ (Local Church) യെരുശലേമിൽ ആണ് സ്ഥാപിതമായത് അപ്പോ. പ്രവർത്തികൾ 5–ന്റെ 42–ൽ നാം ഇങ്ങനെ വായിക്കുന്നു. ''പിന്നെ അവർ ദിനം പ്രതി ദേവാല യത്തിലും വീടു തോറും വിടാതെ ഉപദേശിക്കുകയും , യേശുവിനെ ക്രിസ്തുവെന്ന് സുവി ശേഷിക്കുകയും ചെയ്തു കൊണ്ടിരുന്നു.''

സഭ സ്ഥാപിതം ആയതും , വളർന്നതും എല്ലാം ഭൂമിയുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന യെരുശലേമിൽ ആണ്. യഹൂദ ദേവാലയം സഭയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും ഒരു സൗകര്യമായി (Facility) മാറുകയും ചെയ്തു. 38 വർഷങ്ങൾക്കു ശേഷം ദേവാലയം നശിപ്പിക്കപ്പെടുകയും യെരുശലേമിന് നാശം സംഭവിക്കുകയും ചെയ്യും എന്നു ള്ളതിന്റെ കൃത്യമായ സമയ ക്ലിപ്തത കർത്താവ് വെളിപ്പെടുത്തിയാൽ യെരുശലേമിലെ ആദിമ സഭയുടെ വളർച്ചയ്ക്ക് അതൊരു ആശയക്കുഴപ്പ വിഘാതമായി (A Confusing obstacle) മാറുമെന്നുള്ളത് മുന്നറിഞ്ഞു കൊണ്ടാണ് '' അത് എപ്പോൾ സംഭവിക്കും ? എന്നു ള്ളതിന്റെ കൃത്യമായ ഉത്തരം നൽകാതിരുന്നത്.

എങ്കിലും യെരുശലേമിന്റെ നാശത്തിലേക്ക് നയിച്ച ചില അടയാളങ്ങൾ കർത്താവ് നൽകുന്നു. മത്തായിയോ, മർക്കോസോ അത് രേഖപ്പെടുത്തിയില്ലായെങ്കിലും ലൂക്കൊസു വഴി നമുക്ക് തിരുവചനത്തിൽ രേഖപ്പെടുത്തി ലഭിച്ചു.

ലൂക്കൊസ് 21:20–24 വരെ നാമിങ്ങനെ വായിക്കുന്നു.

**വാക്യം 20** – സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ.

**വാക്യം 21** – അന്ന് യെഹദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ . അതിന്റെ നടുവി ലുള്ളവർ പുറപ്പെട്ടു പോകട്ടെ, നാട്ടുമ്പുറങ്ങളിലുള്ളവർ അതിൽ കടക്കരുത്.

**വാക്യം 22** – എഴുതിയിരിക്കുന്നതെല്ലാം നിവൃത്തിയാകേണ്ടതിന് ആ നാളുകൾ പ്രതികാര കാലം ആകുന്നു.

**വാക്യം 23** – ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം ! ദേശത്ത് വലിയ ഞെരുക്കവും ഈ ജനത്തിൻമേൽ ക്രോധവും ഉണ്ടാകും.

**വാക്യം 24**– അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളി ലേക്കും ബദ്ധന്മാരാക്കി കൊണ്ടു പോകയും , ജാതികളുടെ കാലം തികയുവോളം ജാതികൾ യെരുശലേം ചവിട്ടിക്കളയുകയും ചെയ്യും.

നാം മുൻകണ്ടതു പോലെ കർത്താവിന്റെ പ്രസ്തുത തിരുമൊഴികൾ എ.ഡി 70 –ൽ ആക്ഷരീകമായി നിറവേറപ്പെട്ടു. ഏതാണ്ട് കർത്താവിന്റെ കാലത്തിന് മുമ്പു തന്നെ എരിവു കാർ (Zealots) എന്ന യഹൂദ വിപ്ലവ പ്രസ്ഥാനം യെരുശലേമിൽ ഉടലെടുത്തു. തങ്ങളുടെ മേൽ അധിനിവേശം നടത്തുന്ന ഇറ്റലിക്കാരെ തുരത്തി ഓടിക്കുക എന്ന ആപ്തവാക്യവു മായി അവർ രഹസ്യ ഗൂഢാലോചനകളും തയ്യാറെടുപ്പുകളും ചെയ്തു കൊണ്ടിരുന്നു. (യേ ശുവിന്റെ ശിഷ്യനായിത്തീർന്ന ശിമോൻ ഒരു എരിവുകാരൻ (Zealot) ആയിരുന്ന എന്ന വസ്തുത ഓർക്കുക.) ഏതാണ്ട് എ.ഡി. 70 ആയപ്പോഴേക്കും അവർ അതി പ്രബലൻമാ രായിതീരുകയും ആന്തരിക വിപ്ലവങ്ങൾ അഴിച്ചു വിടുകയും ചെയ്തു.

എരിവുകാരെയും അവർ സൃഷ്ടിച്ച ആന്തരിക വിപ്ലവവും (civil war) അടിച്ചമർത്താ നായി സിറിയയിൽ നിന്നും കടന്നു വന്ന റോമൻ സൈന്യങ്ങളുമായി ഏറ്റുമുട്ടൽ നടന്നു കൊണ്ടേയിരുന്നു. പട്ടണത്തിന്റെ എല്ലാ വാതിലുകളും അടച്ചതിനാൽ വെളിയിൽ നിന്ന് ലഭി ക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വരവ് നിലച്ചു. ഭക്ഷണ പദാർത്ഥങ്ങൾ ലഭിക്കാതിരുന്നപ്പോൾ ജനം അന്യോന്യം കൊള്ള ചെയ്യാനും, കൊല്ലുവാനും തുടങ്ങി എരിവുകാർ വീടു തോറും കയറിയിറങ്ങി കൊള്ള ചെയ്തു പോന്നു. പട്ടിണി, പരിവട്ടം , രോഗങ്ങൾ , വ്യാധികൾ തുട

ങ്ങിയവയാൽ യെരുശലേം പട്ടണത്തിലെ അന്തേവാസികൾ വീർപ്പുമുട്ടി. ആന്തരിക വിപ്ലവം അടിച്ചമർത്താൻ സിറിയൻ വിഭാഗത്തിന് (Syrian Legiment) കഴികയില്ല എന്ന അവസ്ഥ വന്നപ്പോൾ അന്നു കൈസറായിരുന്ന വെസ്പേഷ്യൻ , തന്റെ മകനും അനന്തരാവകാശിയും അന്നത്തെ പ്രധാന സൈന്യാധിപനുമായിരുന്ന തീത്തോസ് (Titus) ന്റെ നേതൃത്വത്തിൽ നാലു ലെഗ്യോൻ (Legions) സൈന്യവ്യൂഹത്തെ അയച്ചു. എ.ഡി. 70 ഏപ്രിൽ മാസത്തിലാണ് ഇത് സംഭവിച്ചത്.

തീത്തോസ് കൈസർ തന്റെ പത്താം ലെഗ്യോനെ ഒലിവുമലയിലും 12–ഉം, 15 ഉം ലെഗ്യോനെ ടരീൂഘ പർവ്വതമുകളിലും , 5–ാം ലെഗ്യോനെ കരുതൽ ശക്തിയായും (reserve force) യെരുശലേമിനു ചുറ്റും വിന്യസിച്ചപ്പോൾ ലൂക്കൊസ് 21:20 ലെ ‘‘ സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞു കൊൾവിൻ’’ എന്ന പ്രവചനശകലം അക്ഷരീകമായി ചരിത്രമായിത്തീർന്നു.

ലൂക്കൊസ് 21:20–24 വരെയുള്ള വാക്യങ്ങളുടെ നിറവേറലിന്റെ ഒരു സമ്പൂർണ്ണ ചിത്രം ലഭിക്കണമെങ്കിൽ ‘Flavious Josephes' ന്റെ യെഹൂദൻമാരുടെ യുദ്ധങ്ങൾ (Wars of the Jews) എന്ന ചരിത്ര ഗ്രന്ഥത്തിലെ 5–ാം പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ദൃക്സാക്ഷി വിവരണം വായിക്കുക. പ്രവചനം ചരിത്രമായതിന്റെ മകുടോദാഹരണം!

ജോസീഫസിന്റെ കണക്കനുസരിച്ച് ആന്തരിക യുദ്ധം അടിച്ചമർത്തപ്പെട്ടതിന്റെ അനന്തരഫലമായി ആറു ലക്ഷം യഹൂദ ശവശരീരങ്ങൾ നഗരവാതിലിന് പുറത്തു കൊണ്ടു വന്നു. മനോഹര വൃക്ഷ പുഷ്പ ലതാദികളാൽ ചുറ്റപ്പെട്ട് ആരെയും വശ്യമാക്കിയിരുന്ന അന്നത്തെ യെരുശലേം പട്ടണം കേവലം ഒരു കൽക്കുന്നായി മാറിയ കാഴ്ച ജോസീഫസ് കണ്ണീരിൽ ചാലിച്ച മഷിയിൽ കുറിച്ചു വച്ചത് ചരിത്ര വിദ്ധ്യാർത്ഥികൾക്ക് മൂല്യഗ്രന്ഥമായി മാറി ‘‘നിങ്ങളുടെ ഭവനം ശൂന്യമായിതീരും. (മത്തായി 23:38 ) എന്ന പ്രവചന ശകലം നിറവേറപ്പെടുകയായിരുന്നു. ബി.സി. 586 –ൽ നെബുക്കദ്നേസറിന്റെ കാലത്ത് ആരംഭിച്ച ‘‘ജാതികളുടെ കാലം " (Times of Gentiles) തികയുവോളം ജാതികൾ യെരുശലേമിനെ ചവിട്ടിക്കളഞ്ഞുകൊണ്ടിരിക്കുന്ന (ലൂക്കോസ് 22:24) അവസ്ഥയുടെ ആരംഭമായി യെഹൂദന്റെ ശൂന്യകാലത്തിന് ആരംഭം കുറിച്ചു.

ഈ വിധം ഒലിവുമല പ്രഭാഷണത്തിലെ ശിഷ്യൻമാരുടെ ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം കർത്താവിൽ നിന്നും ലഭിച്ചു.

**രണ്ടാം ചോദ്യം**

‘‘നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് ? ’’ എന്നുള്ളതായിരുന്നല്ലോ ശിഷ്യൻമാരുടെ രണ്ടാമത്തെ ചോദ്യം. യഹൂദൻമാർ എന്നും എന്തിനും അടയാളങ്ങൾ അന്വേഷിച്ചിരുന്നു. 1 കോരിന്ത്യർ 1:22 –ൽ പൗലോസ് ഈ വസ്തുത സ്ഥിരികരിച്ചിരിക്കുന്നു. അടയാളങ്ങൾ അന്വേഷിക്കുന്നത് അവിശ്വാസത്തിന്റെ ഭാഗമാണെന്ന് വചനം പഠിപ്പിക്കുന്നു. (1 കൊരി 14:22, മത്തായി 12:38,39). ക്രിസ്തു സാക്ഷാൽ മശിഹയാണന്ന് വിശ്വസിച്ച ശിഷ്യൻമാരെ സംബന്ധിച്ചിടത്തോളം അവന്റെ രണ്ടാം വരവ് അവിശ്വസനീയമായ വസ്തുതയായിരിക്കാം. ആയതിനാലായിരിക്കാം അവർ അതിനുള്ള അടയാളങ്ങൾ ചോദിച്ചത്.

***‘‘ നിന്റെ വരവിനും ലോകാവസാനത്തിനുമുള്ള അടയാളം എന്ത് ? ഏതു വരവ് ?***

കർത്താവിന്റെ വരവിൽ രണ്ടു പതനങ്ങൾ ഭാവി ശാസ്ത്ര വിദ്ധ്യാർത്ഥികൾക്ക് സുപരിചിതമാണല്ലോ ഉൽപ്രാപണവും (rapture) മഹത്വ പ്രത്യക്ഷതയും (Glorious appearance) ഉൽപ്രാപണം സഭയ്ക്കു വേണ്ടിയുള്ള ക്രിസ്തുവിന്റെ മദ്ധ്യാകാശത്തേക്കുള്ള വരവും , മഹത്വ പ്രത്യക്ഷത യഹൂദ ജാതിക്കു വേണ്ടി ഭൂമിയിലേക്കുള്ള തന്റെ പതനവും ആകുന്നല്ലോ.

പ്രസ്തുത രണ്ട് ഭാവി സംഭവങ്ങളുടെയും ഇടയിൽ ഏഴു വർഷത്തെ കാലയളവ് ഒളിഞ്ഞു കിടക്കുന്നു എന്നുള്ള വസ്തുത സുപരിചിതമാണല്ലോ.

ചോദ്യകർത്താക്കളായ ശിഷ്യൻമാർ എല്ലാവരും തന്നെ പഴയ നിയമ തിരുവെഴുത്തുക ളുടെ പശ്ചാത്തലത്തിൽ വളർന്നു വന്ന യഹൂദൻമാരായിരുന്നു. അവരെ സംബന്ധിച്ചിട ത്തോളം ദാനിയേൽ, സെഖര്യാവ് തുടങ്ങിയ പഴയനിയമ പ്രവാചകൻമാരുടെ എഴുത്തുക ളിൽ നിന്നുമുള്ള കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള അറിവു മാത്രമേ പ്രസ്തുത ചോദ്യം ചോദിക്കുമ്പോൾ അവർക്ക് ഉണ്ടായിരുന്നുള്ളു. പഴയ നിയമ പ്രവചനങ്ങ ളിലെല്ലാം നിറഞ്ഞു നിന്നിരുന്നത് 'മഹത്വ പ്രത്യക്ഷത' മാത്രമായിരുന്നു. 'ഉൽപ്രാപണം' എന്ന സത്യം സഭയ്ക്കു വേണ്ടിയുള്ള സംഭവമായിരിക്കുകയാൽ പഴയനിയമ വെളിപ്പാടുകളിൽ അവ ഒരു മറഞ്ഞു കിടന്ന സത്യമായി (mystery) നില നിന്നിരുന്നു. ഒലിവു മലയിൽ ശിഷ്യൻമാർ കർത്താവിനോടു കൂടെ ഇരുന്ന ആ സമയത്തു പോലും ഉൽപ്രാപണം എന്ന കർത്താവിന്റെ മദ്ധ്യാകാശ വരവ് കർത്താവ് വെളിപ്പെടുത്തിയിട്ടില്ല.

നാം കണ്ടതു പോലെ , കർത്താവിന്റെ കഷ്ടാനുഭവ ആഴ്ചയിലെ ബുധനാഴ്ച ദിവസ മാണ് ഒലിവുമല പ്രഭാഷണം നടന്നതെങ്കിൽ , വ്യാഴാഴ്ച രാത്രി നടന്ന അവസാനത്തെ പെസഹാ ആചരണത്തിന്റെ തുടർമാനമായി നടന്ന 'വിടപറയൽ പ്രഭാഷണ' (parting words) ത്തിലാണ് കർത്താവ് ഉൽപ്രാപണ സൂചന നൽകുന്നത്. (യോഹന്നാൻ 14:1,2,3) പ്രസ്തുത വെളിപ്പെടുത്തൽ യഹൂദൻമാർക്ക് വേണ്ടിയുള്ളതല്ലായിരുന്നു. പ്രത്യുത സഭയുടെ അടി സ്ഥാന കല്ലുകളായി തീർന്ന അപ്പോസ്തലൻമാർക്കാണ് ഉത്പ്രാപണ സത്യം വെളിപ്പെടുത്തി കിട്ടിയത്. പ്രസ്തുത വെളിപ്പെടുത്തലിനെ തുടർന്നാണ് ദശാബ്ദങ്ങൾക്കു ശേഷം അപ്പോസ്ത ലനായ പൗലോസ് മുഖേന ഉത്പ്രാപണ സത്യത്തിന്റെ വിശദീകരണ വെളിപ്പാട് (amplified revelation) 1തെസ്സ. 4:16-17, ഫിലി 3:20 മുതലായ വാക്യങ്ങളിൽ ഉപദേശിച്ചിരിക്കുന്നത്. (Doctrinated)

ആയതിനാൽ ഒലിവുമല പ്രഭാഷണ കാരണമായിത്തീർന്ന ശിഷ്യൻമാരുടെ രണ്ടാ മത്തെ ചോദ്യ സമയത്ത് അവർ ഉൽപ്രാപണ വിഷയത്തിൽ അജ്ഞരായിരുന്നു. മാത്രമല്ല ശിഷ്യൻമാർ ഉദ്ദേശിച്ച ''നിന്റെ വരവ്'' എന്നത് മഹത്വ പ്രത്യക്ഷതയെ ലക്ഷ്യമാക്കിയതാണന്ന് സ്വാഭാവികമായിട്ട് സമർത്ഥിക്കാം.

നാം മുമ്പു കണ്ടതു പോലെ മത്തായി 24,25 അദ്ധ്യായങ്ങളിൽ , രേഖപ്പെടുത്തിയിരി ക്കുന്ന കർത്താവിന്റെ പ്രഭാഷണം ശിഷ്യൻമാരുടെ രണ്ടാമത്തെ ചോദ്യത്തിന്റെ അടിസ്ഥാന ത്തിലായതിനാൽ പ്രസ്തുത അദ്ധ്യായങ്ങളിലും അതിനു സമാന്തരഭാഗങ്ങളായ മർക്കൊസി ലേയും , ലൂക്കൊസിലേയും വിവരണങ്ങളിലും കർത്താവിന്റെ മഹത്വ പ്രത്യക്ഷതയോടനുബ ന്ധിച്ചുള്ള സംഭവങ്ങളും അടയാളങ്ങളുമാണ് ഉൾക്കൊണ്ടിരിക്കുന്നത് എന്നുള്ള വസ്തുത വളരെ ശ്രദ്ധേയമായി കുറിക്കൊള്ളേണ്ടതാണ്.

അടയാളങ്ങൾ അവിശ്വാസികൾക്കാണ് ആവശ്യം; വിശ്വാസികൾക്കല്ല. ആയതിനാൽ സഭയുടെ ഉൽപ്രാപണത്തിന് മുമ്പായി ഏതെങ്കിലും അടയാളങ്ങൾ നടക്കും എന്ന് കർത്താവ് പറയുകയോ ഉപദേശിക്കുകയോ ചെയ്തിട്ടില്ല.

ശിഷ്യൻമാരുടെ രണ്ടു ചോദ്യങ്ങളും യഹൂദ ജാതിയെ സ്പർശിക്കുന്നതാകയാലും , യഹൂദ ജാതി അടയാളങ്ങൾ അന്വേഷിച്ചിരുന്ന അവിശ്വാസമുള്ള തലമുറ (വർഗ്ഗം) ആയതി നാലും പ്രസ്തുത രണ്ടു ചേദ്യങ്ങളുടെയും നിവർത്തികരണത്തോടുള്ള ബന്ധത്തിൽ പല അടയാളങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

ഒന്നാം ചോദ്യത്തിന്റെ ഉത്തരമായി ലൂക്കോസ് 21:20-24 വരെ രേഖപ്പെടുത്തിയിരി ക്കുന്ന അടയാളങ്ങൾ എ.ഡി 70-ൽ കലാശിച്ച യെരുശലേമിന്റെ നാശത്തിന് തൊട്ടു മുൻപ്

നടന്നെങ്കിൽ , രണ്ടാം ചോദ്യത്തിന്റെ ഉത്തരത്തിൽ കാണുന്ന അടയാളങ്ങൾ , ഉത്പ്രാപണത്തിനു മുമ്പല്ല , പ്രത്യുത , മഹത്വ പ്രത്യക്ഷതയ്ക്കു മുമ്പ് നടക്കേണ്ടുന്നവയാണ്.

ആയതിനാൽ കർത്താവിന്റെ മദ്ധ്യാകാശ വരവിന് മുമ്പ് ഏതെങ്കിലും അടയാളങ്ങൾ നടക്കുമെന്ന് അന്നു നടക്കേണ്ടുന്ന അടയാളങ്ങളോടു സാമ്യമുള്ള ഏതെങ്കിലും സംഗതികളെ ചൂണ്ടിക്കാണിച്ചു കൊണ്ട് പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും പ്രവചന വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതിന്റെ ഫലമായിട്ടുളവാകുന്നതും തിരുവചനത്തിന് അനുസരണം അല്ലാത്തവയും ആകുന്നു.

ഒലിവുമല പ്രഭാഷണത്തെ സൂക്ഷ്മമായി വിചിന്തനം ചെയ്താൽ , കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്കു മുമ്പ് സംഭവിക്കേണ്ട അടയാളങ്ങളോട് സാമ്യമായ പല അടയാളങ്ങളും എ.ഡി. 70 – ൽ നടന്ന യെരുശലേം നാശത്തിൽ സംഭവിച്ചതായി കാണാം, ബൈബിൾ പ്രവചനങ്ങളുടെ സ്വഭാവ വിശേഷങ്ങൾ പഠിച്ചാൽ രണ്ടു കാലയളവിൽ നടക്കേണ്ടുന്ന സംഭവങ്ങളെ തുടർമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് സർവ്വസാധാരണമാണ്. പക്ഷേ ,രണ്ടു കാലയളവുകൾക്കും ഇടയ്ക്കുള്ള കാലങ്ങൾ മറഞ്ഞിരിക്കുന്നതായി കാണാം. ഒരു ഉന്നത ഗിരിയിൽ നിന്നും ദൂരേക്കു വീക്ഷിക്കുമ്പോൾ മറ്റ് ഉന്നത ശൃംഗങ്ങളെ ദർശിക്കുകയും എന്നാൽ അതിനിടയിലുള്ളടെ  താഴ്വാരങ്ങൾ കാണാതെ പോകുന്നതിനെ ഇതിനോടുപമിക്കാം. മാത്രമല്ല നിവർത്തി ആയ ഒരു ചരിത്ര സംഭവത്തിന്റെ തനി ആവർത്തനങ്ങൾ ഭാവിയിൽ നടക്കേണ്ടുന്ന സംഭവങ്ങളായി പ്രവചിച്ചിരിക്കുന്നത് കാണാം. ആയതിനാൽ, ശിഷ്യൻമാരുടെ ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരമായി ലൂക്കോസ് 21:20–24 വരെ രേഖപ്പെടുത്തിയിരിക്കുന്ന അടയാളങ്ങൾ , രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരമായി ഒലിവുമല പ്രഭാഷണത്തിന്റെ ഇതര ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അടയാളങ്ങളുമായി സാമ്യമുണ്ടെങ്കിലും അതു രണ്ടും ഒന്നു തന്നെയാണ് എന്ന് സമർത്ഥിക്കുന്നത് ശരിയല്ല.

ശിഷ്യൻമാരുടെ രണ്ടാം ചോദ്യത്തിന് ഉത്തരമായി തന്റെ മഹത്വ പ്രത്യക്ഷതയ്ക്ക് മുമ്പ് നടക്കേണ്ട സംഭവങ്ങളെ വിശദീകരിച്ച കർത്താവ് , അതേ സംഭവങ്ങളുടെ ഒരു വിപുലീകരണ ദർശനമായി (അാുഹശലശലറ ്ശശെീ) തന്റെ അരുമ ശിഷ്യനായ യോഹന്നാന് എ.ഡി 96 –ൽ കാട്ടി കൊടുക്കയും , വയോധികനായിരുന്ന ശിഷ്യൻ പ്രസ്തുത വസ്തുതകൾ വെളിപ്പാട് 6–19 വരെ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം.

## ആശയകുഴപ്പങ്ങൾ നിലനില്ക്കുന്ന ഭാഗങ്ങളുടെ വിശദീകരണങ്ങൾ

ഒലിവുമല പ്രഭാഷണത്തിന്റെ ഇതു വരെ നാം കണ്ട പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ആശയകുഴപ്പപരമായി വ്യാഖ്യാനം ചെയ്തു പോന്ന ചില ഭാഗങ്ങൾ പരിശോധിക്കാം.

**<u>1) മത്തായി 24:5 ''ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തു വന്ന് പലരേയും തെറ്റിക്കും.''</u>**

മത്തായി 24:24 '' കള്ള ക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതൻമാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.''ഈ നൂറ്റാണ്ടുകളിൽ തന്നെ അവതരിച്ചിട്ടുള്ള കള്ളക്രിസ്തുക്കളുടെ പേരു വിവരങ്ങൾ നിരത്തി വച്ച് ഈ വാക്യവുമായി ബന്ധപ്പെടുത്തി കർത്താവിന്റെ വരവ് അടുത്തുവെന്ന്  പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ സർവ്വസാധാരണമായിതീർന്നിരിക്കുന്നു. ഇതു ശരിയാണോ എന്ന് പരിശോധിക്കുക.

ഏതു യുഗത്തിലും കള്ള ക്രിസ്തുക്കളും കള്ള പ്രവാചകൻമാരും ഉണ്ടായിരുന്നു. ജനം ഒരു പ്രതിസന്ധിയോ , കലാപമോ നേരിടുമ്പോൾ 'രക്ഷകൻമാർ' ധാരാളമായി സമൂഹത്തിൽ ചമഞ്ഞൊരുങ്ങി വിലസും എന്നുള്ളത് ചരിത്ര പരവും സാമൂഹിക പരവുമായ ഒരു വസ്തുതയാണ്.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ '' ഇപ്പോൾ അനേകം എതിർ ക്രിസ്തുക്കൾ (Many Anti Christs) എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്ന് നമുക്കറിയാം.'' (1യോഹന്നാൻ 2:18) എന്ന് യോഹന്നാൻ സഭകൾക്ക് മുന്നറിയിപ്പ് നൽകി മാത്രമല്ല കള്ള പ്രവാചകൻമാരെ (എമഹലെ ുൃീുവലേ) കുറിച്ചും താൻ മുന്നറിയിപ്പ് നൽകി (1 യോഹന്നാൻ 4:1) അപ്പോസ്തലിക കാലത്തു തന്നെ കള്ള ക്രിസ്തുക്കളും , കള്ള പ്രവാചകൻമാരും ഉണ്ടായിരുന്നു എങ്കിൽ സഭാ ചരിത്രത്തിൽ ഉടനീളം അനേക കള്ള ക്രിസ്തുക്കൾ ഉണ്ടായിരുന്നു എന്നുള്ളതും , വർത്തമാന കാലഘട്ടത്തിലും , വരുവാനുള്ള കാലഘട്ടത്തിലും അവർ ഉണ്ടാകും എന്നുള്ളതിനും സംശയമില്ല. അവസാനമായി വരുവാനിരിക്കുന്ന അധർമ്മമൂർത്തി എന്ന കള്ള ക്രിസ്തുവിന്റെ ആത്മാവിനാലാണ് ഈ കള്ള ക്രിസ്തുക്കൾ എല്ലാം പ്രവർത്തിക്കുന്നത് എന്നും 2 തെസ്സ. 2:7 പഠിപ്പിക്കുന്നു. യേശുവിനെ ക്രിസ്തുവല്ല എന്ന് നിഷേധിക്കുന്നവനും പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനും എതിർ ക്രിസ്തു (Anti Christ) ആണ് എന്ന് യോഹന്നാൻ വെളിപ്പെടുത്തി (1യോഹ. 2:22) അതിലുമുപരി യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല ! അത് എതിർക്രിസ്തുവിന്റെ ആത്മാവു തന്നെ'' (1 യോഹ.4:3) എന്നും യോഹന്നാൻ പഠിപ്പിച്ചു.

ഇപ്രകാരം ചരിത്രത്തിലുടനീളം അനേക കള്ളക്രിസ്തുക്കൾ ഉണ്ടായിരുന്നെങ്കിലും 2 തെസ്സ. 2:7 പ്രകാരം ''തടുക്കുന്നവൻ'' (പരിശുദ്ധാത്മാവാം ദൈവം) ഉത്പ്രാപണത്തോടു കൂടെ തന്റെ ഈ ലോകത്തിലെ വാസം തീർത്ത് നീങ്ങിപ്പോകുകയും അതോടു കൂടി ഏകനായ സാക്ഷാൽ എതിർ ക്രിസ്തു പ്രത്യക്ഷമാകുകയും ചെയ്യും. (വെളി.13:1–17) അതുപോലെ തന്നെ അനേക 'കള്ള പ്രവാചകൻമാർ' സഭാ ചരിത്രത്തിലുടനീളം പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ഏകനായ ഒരു 'കള്ള പ്രവാചകൻ' പ്രത്യക്ഷപ്പെടും (വെളി. 13:11)

എ.ഡി. 70 ലെ യെരുശലേം നാശത്തിനു മുമ്പ് അനേക കള്ളക്രിസ്തുക്കൾ പ്രത്യക്ഷരായി എന്ന് ജോസീഫസ് രേഖപ്പെടുത്തിയിരിക്കുന്നു. വെളിപ്പാട് പുസ്തകം 6:2 ൽ മഹത്വ പ്രത്യക്ഷതയ്ക്ക് മുമ്പുള്ള 7 വർഷത്തിന്റെ ആരംഭത്തിൽ വെള്ള കുതിരമേൽ ഇരിക്കുന്ന വ്യാജ സമാധാന ദായകനായ എതിർ ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത 7 വർഷത്തിന്റെ ആദ്യ പകുതിയിൽ താനൊരു സമാധാന ദാതാവായിരിക്കും എന്നാൽ രണ്ടാമത്തെ പകുതിയുടെ ആരംഭത്തോടു കൂടി താനൊരു രക്ത രൂക്ഷിത സ്വേച്ഛാധിപതിയായി തനതായ സ്വഭാവം കാട്ടുമെന്ന് വെളിപ്പാട് 6:4 ൽ പറയുന്നു. സഭയുടെ ഉത്പ്രാപണ ശേഷം എതിർക്രിസ്തുവിന്റെ സമാധാനപരമായതും അല്ലാത്തതുമായ ഭരണചക്ര കാലയളവാകുന്ന 7 വർഷക്കാലത്തും അനേകർ എതിർക്രിസ്തുവിന്റെ ആത്മാവോടു കൂടി പ്രവർത്തിക്കുകയും തങ്ങളാണ് മശിഹ എന്നു പറഞ്ഞ് യഹൂദ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യും. അന്നു യഹൂദ സമൂഹങ്ങളിൽ പൊങ്ങി വരുന്ന വ്യാജൻമാരെക്കുറിച്ചാണ് മത്തായി 24:5, 24:24 ലും പ്രവചിച്ചിരിക്കുന്നത്. ഇവർ എല്ലാവരും തന്നെ മുമ്പു കണ്ട യഥാർത്ഥ എതിർക്രിസ്തുവിന്റെയും കള്ള പ്രവാചകന്റെയും ആത്മാവോടു കൂടി പ്രവർത്തിക്കുന്നവരായിരിക്കും.

ആയതിനാൽ 20,21 നൂറ്റാണ്ടുകളിൽ മശിഹയാണെന്നും , ക്രിസ്തുവാണെന്നും , ക്രിസ്തുവിന്റെ പ്രവാചകൻമാർ ആണെന്നും ചമഞ്ഞു നടക്കുന്നവരുടെ സ്ഥിതിവിവര കണക്കുകൾ നിരത്തിവച്ച് അവരുടെ ചെയ്തികളെ കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങൾ ആണ് എന്നു പറയുന്നത് ശരിയായ വ്യാഖ്യാനത്തെ ശിഥിലീകരിക്കുന്നതാണ്.

**2) മത്തായി 24:6 ''നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളേയും കുറിച്ചു കേൾക്കും''**

**മത്തായി 24:7 '' ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും''**

ലൂക്കോസ് 21:9,10, മർക്കോസ് 13:7,8 എന്നീ ഭാഗങ്ങൾ കൂടി ചേർത്തു വായിക്കുക.

***എന്ന് നടക്കാൻ പോകുന്ന യുദ്ധങ്ങൾ ? എന്ന് കേൾക്കാൻ പോകുന്ന യുദ്ധശ്രുതികൾ ?***

വർത്തമാനകാല ഘട്ടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പശ്ചിമേഷ്യയിലെ യുദ്ധങ്ങളെയും യുദ്ധശ്രുതികളേയും ഈ വാക്യങ്ങളോടു ചേർത്തിണക്കി ഘോര ഘോരമായി പ്രസംഗിച്ച് ജന വികാരങ്ങളെ ഇളക്കുന്ന പ്രവണത കണ്ടു പോരുന്നു. ഇത് ശരിയാണോ എന്ന് പരിശേധിക്കാം.

ശിഷ്യൻമാരുടെ രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരമായിട്ടാണ് കർത്താവ് മേലുദ്ധരിച്ച വാക്യങ്ങൾ പറഞ്ഞത്. രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരവും പ്രഭാഷണവും മഹത്വ

പ്രത്യക്ഷതയ്ക്ക് ഏതാണ്ട് 7 വർഷം മുമ്പ് നടക്കുന്ന അടയാളങ്ങളാണ് എന്ന് കണ്ടു കഴിഞ്ഞു.

പ്രസ്തുത 7 വർഷത്തെ രണ്ടായി തിരിച്ചിരിക്കുന്നു (ദാനിയേൽ 9:27) എതിർ ക്രിസ്തുവിന്റെ സമാധാനപരമായ ആദ്യത്തെ 31/2 വർഷങ്ങളും രക്തരൂക്ഷിതയുദ്ധസംഘർഷപരമായ അവസാനത്തെ മൂന്നര വർഷക്കാലവും ദാനിയേൽ പ്രവചനം 11:40–44, വെളിപ്പാട് 6:4 തുടങ്ങിയ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 4 കാലഘട്ടങ്ങളിലായി അന്തിമയുദ്ധങ്ങൾ നടമാടും.

വെളിപ്പാട് 19:1–19 മുതലായ ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്ന ഹർമ്മഗദോൻ യുദ്ധത്തിലും , കർത്താവിന്റെ ഒലിവുമലയിലേക്കുള്ള വരവിലും പ്രസ്തുത യുദ്ധങ്ങൾ പര്യവസാനിക്കും. (ഈ ലേഖകൻ തന്റെ എഴുപതാം ആഴ്ചവട്ടത്തിന്റെ പടിവാതിൽ എന്ന പുസ്തകത്തിൽ പ്രസ്തുത യുദ്ധങ്ങളെ വിശദീകരിച്ചിരിക്കുന്നു.)

ചരിത്രത്തിലുടനീളം യുദ്ധങ്ങളും സംഘർഷങ്ങളും , ജാതികൾ തമ്മിലുള്ള പോരാട്ടങ്ങളും അതിനോടു ചേർന്നുള്ള ശ്രുതികളും ഉണ്ടായിരുന്നു എങ്കിലും, വളരെ പ്രത്യേകമായ രീതിയിൽ പ്രസ്തുത 7 വർഷക്കാലത്ത് , വിശേഷാൽ അതിന്റെ രണ്ടാമത്തെ അർദ്ധത്തിൽ നടക്കുവാൻ പോകുന്ന യുദ്ധങ്ങളെക്കുറിച്ചും ജാതികൾ തമ്മിലുള്ള സംഘർഷങ്ങളെക്കുറിച്ചും യുദ്ധശ്രുതികളെക്കുറിച്ചുമാണ് കർത്താവു തന്റെ ഒലിവുമല പ്രഭാഷണത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

എ.ഡി 70 ലെ യെരുശലേമിന്റെ നാശത്തിന് അനേക ദശാംബ്ദങ്ങൾക്കു മുമ്പ് തന്നെ യെഹൂദ്യ പ്രദേശങ്ങളിൽ സംഘർഷങ്ങൾ ആരംഭിച്ചിരുന്നു. ക്രിസ്തുവിന്റെ കാലയളവുകൾക്കു മുമ്പു തന്നെ റോമാക്കാരുടെ അധിനിവേശത്തെ തുടർന്ന് ആന്തരിക സംഘർഷങ്ങൾ ഉത്ഭവിച്ചതായും തുടർന്നതായും ചരിത്രം രേഖപ്പെടുത്തുന്നു. യെഹൂദൻമാർക്ക് സർവ്വസമ്മത നല്ലാതിരുന്ന മഹാനായ ഹെരോദാവിനെ (Herod the Great) ബി.സി 40–ൽ യെഹൂദൻമാരുടെ രാജാവായി വാഴിച്ചപ്പോൾ ആന്തിരക സംഘർഷങ്ങൾക്ക് ആക്കം വർദ്ധിച്ചു. എരിവുകാർ അവരുടെ തീവ്രവാദ പ്രവർത്തനങ്ങൾ തുടങ്ങി. എ.ഡി. 50–ൽ അവർ പ്രബലൻമാർ ആയതോടു കൂടി പല അക്രമങ്ങളും അഴിമതികളും അഴിച്ചു വിട്ടു. റോമാക്കാർ അവയെ അടിച്ചമർത്താൻ ശ്രമിച്ചതിന്റെ ഫലമായി സംഘർഷങ്ങൾ കൂടിക്കൂടി വന്നു കൊണ്ടേയിരുന്നു. ആ നാളുകളിൽ എല്ലാം തന്നെ അനേക സൈനീക സംഘർഷങ്ങളും പ്രവർത്തനങ്ങളും നടന്നു എങ്കിലും യെരുശലേമിന്റെ നാശത്തിന്റെ അടയാളമായി കർത്താവു പറഞ്ഞ ‘‘സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞതു കാണുമ്പോൾ ’’ (ലൂക്കോസ് 21:19) എന്ന പ്രവചനം മുൻ കണ്ടതു പോലെ തീത്തൂസ് കൈസറിന്റെ 4 ലെഗ്യോൻ സൈന്യം യെരുശലേമിനെ എ.ഡി. 70 ഏപ്രിൽ മാസത്തിൽ വളഞ്ഞതിനു മുമ്പായി നിവർത്തികരിച്ചിട്ടില്ല.

ഇപ്രകാരം തന്നെ യിസ്രായേൽ രാഷ്ട്രം പശ്ചിമേഷ്യയിൽ ഉദിച്ചുയർന്നപ്പോൾ മുതൽ ആ പ്രദേശങ്ങൾ സംഘർഷഭരിതമായിരുന്നു. അന്നു മുതൽ ഇതു വരേയും തന്നെ പശ്ചിമേഷ്യയിൽ നടക്കുന്ന സംഘർഷങ്ങൾ യിസ്രായേൽ രാഷ്ട്രവുമായി ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അനേക യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കഴിഞ്ഞനൂറ്റാണ്ടിന്റെ രണ്ടാമത്തെ പകുതിയിലും ഈ നൂറ്റാണ്ടിലും കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട് പക്ഷേ അവയൊന്നും കർത്താവു പ്രവചിച്ച ‘‘യുദ്ധങ്ങളും യുദ്ധശ്രുതികളും ’’ അല്ല. മുൻ വിവരിച്ചതുപോലെ ഹർമ്മഗദോൻ യുദ്ധത്തോടുള്ള ബന്ധത്തിൽ കാണുവാനും കേൾക്കുവാനും പോകുന്ന യുദ്ധങ്ങളും യുദ്ധശ്രുതികളുമാണ്.

**3) മത്തായി 24:7 (യ) ‘‘ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും’’ മർക്കൊസ് 13:8 (യ) ലൂക്കൊസ് 21:11 ‘‘ വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും.**

ക്ഷാമം , ഭൂകമ്പം, മഹാ വ്യാധികൾ എന്നീ മൂന്ന് അടയാളങ്ങൾ ആണ് നാം ഇവിടെ കാണുന്നത്. വീണ്ടും കഴിഞ്ഞ നൂറ്റാണ്ടിലും ഈ നൂറ്റാണ്ടിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന

ക്ഷാമങ്ങളുടെയും ഭൂകമ്പങ്ങളുടെയും മഹാ വ്യാധികളുടെയും ചരിത്ര പട്ടിക നിരത്തിവച്ച് ''ഇതാ കർത്താവു വരുന്നു'' എന്നു പഠിപ്പിക്കുന്നതിൽ അർത്ഥമില്ല.

യുദ്ധങ്ങൾ ഉണ്ടാകുമ്പോൾ ക്ഷാമം സർവ്വ സാധാരണമാണ് വെളിപ്പാട് പുസ്തകം 6:4 ൽ എതിർ ക്രിസ്തുവിന്റെ നേതൃത്തിലുള്ള 'യുദ്ധങ്ങളുടെ എല്ലാം യുദ്ധങ്ങൾ' ആരംഭിക്കുന്ന തായി നാം കാണുന്നു. 6ന്റെ 5,6 ലും അതിനോടു ചേർന്നുള്ള ക്ഷാമങ്ങളും കാണുന്നു. അന്ന് അതായത് മഹത്വ പ്രത്യക്ഷതയ്ക്ക് മുമ്പുള്ള 7 വർഷക്കാലത്തിന്റെ രണ്ടാമത്തെ അർത്ഥ ത്തിൽ നടക്കാൻ പോകുന്ന ക്ഷാമങ്ങളെക്കുറിച്ചാണ് കർത്താവു തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചത്.

ആയതുപോലെ ഭൂകമ്പങ്ങൾ എന്നുമുണ്ടായിരുന്നു. ഇന്നും ഭൂകമ്പങ്ങളും സുനാമി കളും നടക്കുന്നുണ്ട്. പക്ഷേ കർത്താവ് തന്റെ സർവ്വജ്ഞാനത്തിൽ ഉദ്ദേശിച്ച ഭൂകമ്പം മേൽ കണ്ട കാലയളവിൽ നടക്കേണ്ടവയാണ്.

വെളിപ്പാട് പുസ്തകം 6:12,13 ലും കാണുന്ന ഭൂകമ്പവും ഇതു തന്നെയാണ്. കേവലം പ്രകൃതിയാൽ ഉള്ള ഭൂകമ്പങ്ങൾ മാത്രമല്ല , ആണവ സ്ഫോടനങ്ങളെപോലുള്ള കൃത്രിമ ഭൂക മ്പങ്ങളും വിവിക്ഷിച്ചിട്ടുണ്ടായിരിക്കാം എന്നു പ്രസ്തുത ഭാഗങ്ങൾ വിചിന്തനം ചെയ്യുന്ന വേദഭാവി ശാസ്ത്ര പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശാസ്ത്രിയമായിട്ടും സാങ്കേ തികമായിട്ടും ലോകം അതിനായി തയ്യാറായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ഈ യുഗങ്ങളിൽ താമസിക്കുന്ന നമ്മളെ സംബന്ധിച്ചിടത്തോളം വിസ്മയ ഭരിതങ്ങളാണ്.

അപ്രകാരം തന്നെ മഹാവ്യാധികൾ ഏതു കാലത്ത് ഉണ്ടായിട്ടുണ്ടെങ്കിലും മഹത്വ പ്രത്യക്ഷതയ്ക്കു മുമ്പുള്ള ചില വർഷങ്ങളിൽ ഉണ്ടാകുവാൻ പോകുന്ന മഹാവ്യാധികളെ കർത്താവ് വിവക്ഷിച്ചിരിക്കുന്നു.

വെളിപ്പാട് 6:7 ൽ 4–ാം മുദ്ര പൊട്ടിക്കുമ്പോൾ ഉണ്ടാകുന്ന മഹാവ്യാധികളെ കർത്താവ് തന്റെ പ്രഭാഷണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**4) മത്തായി 24:12,13 ''അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും എന്നാൽ അവസാനത്തോളം ക്ഷമിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും. മർക്കോസ് 13:13, ലൂക്കോ 21**

കൃപായുഗത്തിലെ വിശ്വാസികളുടെ രക്ഷയുടെ ഭദ്രതയെ ചോദ്യം ചെയ്യത്തക്കരീതി യിൽ ഈ വാക്യങ്ങൾ കോട്ടിക്കളയുന്നവരുണ്ട്.

പ്രസ്തുത വാക്യം മഹോപദ്രവ കാലത്തെ വിശുദ്ധൻമാരോടുള്ള ബന്ധത്തിലാണ്. വെളിപ്പാട് 7:5–8 വരെയുള്ള വാക്യങ്ങളിൽ ഏതാണ്ട് 1,44,000 യഹൂദ മിഷണറിമാർ ലോക ത്തെമ്പാടും പോയി 'രാജ്യത്തിന്റെ സുവിശേഷം ' പ്രസംഗിക്കുകയും , തത്ഫലമായി യഹൂ ദൻമാരിൽ നിന്നും ജാതികളിൽ നിന്നുമായി അസംഖ്യം ജനം രക്ഷയിലേക്ക് കടന്നു വരി കയും ചെയ്തു. അവർ എതിർക്രിസ്തുവിന്റെ മുദ്രയേൽക്കാൻ വിസമ്മതം കാണിക്കുകയും ആയതിനാൽ പീഢിതരാകുകയും ചെയ്യും. അപ്രകാരം ആ കാലയളവുകളിൽ ജീവിക്കുന്ന മഹോപദ്രവകാല വിശുദ്ധൻമാരുടെ സ്നേഹം തണുത്തു പോകുന്നതും അവസാനം വരെ സഹിച്ചു നില്ക്കുന്നതുമായ അവസ്ഥ വിശേഷത്തെയാണ് കർത്താവ് ഇവിടെ വിവിക്ഷിച്ചത്.

**5) മത്തായി 24:14 ''രാജ്യത്തിന്റെ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോക ത്തിലൊക്കെയും പ്രസംഗിക്കപ്പെടും''**

പ്രസ്തുത വാക്യത്തെ ദുർവ്യാഖ്യാനം ചെയ്ത് കർത്താവിന്റെ വരവ് താമസിക്കാൻ കാരണം സുവിശേഷം എല്ലായിടത്തും പ്രസംഗിക്കാഞ്ഞാൽ ആണ് എന്നുള്ള പഠിപ്പിക്കൽ ഇവിടെയും അവിടെയും കേൾക്കാറുണ്ട്.

ഈ കൃപാകാലത്ത് പ്രസംഗിക്കപ്പെടുന്നത് '' ക്രിസ്തുവിന്റെ സുവിശേഷം'' എന്ന് പൗലോസ് ഗലാത്യർ 1:7 ൽ പറഞ്ഞതും ''ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. (2 തിമോ.2:8) എന്ന് നിർവ്വചിച്ചതുമായ കൃപയുടെ സുവിശേഷമാണ്. പക്ഷേ 'രാജ്യത്തിന്റെ സുവിശേഷം' ഇതിൽ നിന്നും വിഭിന്നമാണ് ''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവീൻ'' മത്തായി 3:5 എന്ന് സ്നാപക യോഹന്നാൻ പ്രസംഗിച്ചതും മത്തായി 4:23, 9:35 എന്നിവടങ്ങളിൽ യേശു തന്റെ പരസ്യ ശുശ്രൂഷയുടെ ആദ്യഘട്ടങ്ങളിൽ പ്രസംഗിച്ച ദൂതാണ് . മത്തായി 12–ാം അദ്ധ്യായത്തിൽ യഹൂദൻമാർ കർത്താവിന്റെ കർത്തൃത്തെ ചോദ്യം ചെയ്തും പരിശുദ്ധാത്മാവിനെ തിരായി ദൂഷണം പറഞ്ഞും ഈ ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കാൻ വന്ന മശിഹയെ തിരസ്കരിച്ചപ്പോൾ രാജ്യത്തിന്റെ സുവിശേഷത്തിന്റെ പ്രസംഗം നിർത്തി വയ്ക്കുകയും സ്വർഗ്ഗരാജ്യം എന്ന സത്യം കേവലം മർമ്മങ്ങളായി ദൈവജനത്തിന്റെ ഇടയിൽ അവശേഷിക്കപ്പെടുകയും ചെയ്യുന്നു. (മത്തായി 13)

ദാനിയേലിനെപ്പോലുള്ള പഴയനിയമവപ്രവാചകൻമാർ ഈ ലോകത്തിൽ മശിഹാ സ്ഥാപിക്കാൻ പോകുന്ന അഞ്ചാമത്തെ രാജ്യമെന്ന ദൈവരാജ്യത്തിന്റെ (ആയിരമാണ്ട് വാഴ്ച) സ്ഥാപനം യെഹൂദന്റെ മശിഹ തിരസ്കരണത്തോടും ക്രൂശികരണത്തോടും കൂടി മാറ്റി വയ്ക്കപ്പെട്ടു. പ്രസ്തുത ദൈവരാജ്യം ''ജ്ഞാനികൾക്കും , വിവേകികൾക്കും മറച്ച് '' (മത്തായി 11:25 ) വച്ച് ദൈവജനത്തെ സംബന്ധിച്ചിടത്തോളം ഒരു ആത്മീയ രഹസ്യമായി (A spiritual Mystery) അനുഭവമായി ഇന്നും നിലനില്ക്കയും ചെയ്യുന്നു. മത്തായി 13 ലെ കർത്താവിന്റെ ഉപമകൾ ഈ വസ്തുതയാണ് വ്യക്തമാക്കുന്നത്. ഏതായാലും പ്രസ്തുത സ്വർഗ്ഗരാജ്യം ആയിരമാണ്ട് വാഴ്ചയായി ഈ ലോകത്തിൽ സ്ഥാപിതമാകുന്നതിനു മുമ്പായി വീണ്ടും പ്രസംഗിക്കപ്പെടും.

വെളിപ്പാട് 7 –ാം അദ്ധ്യായത്തിൽ യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 144,000 മഹോപദ്രവകാല മിഷനറിമാരെക്കുറിച്ചും അവർ പ്രസംഗിച്ച രക്ഷാദൂതിനാൽ രക്ഷിക്കപ്പെട്ട അസംഖ്യം ആത്മാക്കളെയും ദർശിക്കുന്നു. ഒരു കാലത്ത് പ്രസംഗിച്ച ''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവീൻ മത്തായി 3:2 എന്ന രാജ്യത്തിന്റെ സുവിശേഷമാണ് അവർ പ്രസംഗിച്ചത് എന്ന് അനുമാനിക്കാം. വീണ്ടും 11–ാം അദ്ധ്യായത്തിൽ രണ്ടു സാക്ഷികൾ അതു പ്രസംഗിക്കുന്നു. അതും പോരാഞ്ഞു 14:6 ൽ പ്രസ്തുത ''നിത്യ സുവിശേഷം'' വേറൊരു ദൂതൻ ആകാശ മദ്ധ്യേ പറന്ന് പ്രസംഗിക്കുന്നു. നാശവക്കിൽ എത്തിച്ചേരാൻ പോകുന്ന മനുഷ്യരാശിക്കുള്ള അന്തിമ മുന്നറിയിപ്പ് ! ആരും നശിച്ചു പോകാതിരിക്കാനുള്ള അവസാന വിളി ! (The Final warning and Final call)

ആയതിനാൽ, ഇതാ മശിഹായുടെ ആയിരമാണ്ടു വാഴ്ച വരുന്നു, 'മാനസാന്തരപ്പെടുവീൻ' എന്ന സത്യം അടങ്ങിയിരിക്കുന്ന രാജ്യത്തിന്റെ സുവിശേഷമായിരുന്നു മനുഷ്യപുത്രൻ തന്റെ ഒലിവുമല പ്രഭാഷണത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

**6) ലൂക്കോസ് 21:25,26 സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും, കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകി പോകുന്നതിനാൽ ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവൻമാർ ആകും. (മത്തായി. 24:29)**

മനുഷ്യപുത്രന്റെ തേജസ്സോടുള്ള മഹത്വപ്രത്യക്ഷതയ്ക്കു വളരെ അടുത്തു നടക്കേണ്ട സംഭവങ്ങൾ ആണ് വിവരിച്ചിരിക്കുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിൽ ആരംഭിച്ച് ഈ നൂറ്റാണ്ടിൽ നടന്നുകൊണ്ടിരിക്കുന്ന ബഹിരാകാശ ഗവേഷണങ്ങളും അതിനോടനുബന്ധിച്ചുള്ള ബഹിരാകാശയാത്രകളും മറ്റും ഈ വാക്യങ്ങളുടെ നിവൃത്തിയായി സൂചിപ്പിക്കുന്ന ഒരു പ്രവണത കാണുന്നു. ധാരാളം സ്ഥിതിവിവര കണക്കുകളും അതിനായി നിരത്തി വയ്ക്കും. പ്രസ്തുത സംഭവങ്ങൾ എല്ലാം തന്നെ 70

–ാം ആഴ്ചവട്ടത്തിന്റെ സംഭവങ്ങൾക്ക് പശ്ചാത്തലങ്ങളായി തീർന്നേക്കുമെങ്കിലും വളരെ കൃത്യമായി മഹത്വ പ്രത്യക്ഷതയ്ക്കു തൊട്ടു മുമ്പുള്ള മൂന്നര വർഷക്കാലം സംഭവിക്കേണ്ട ബഹിരാകാശ സംഭവങ്ങളെക്കുറിച്ചാണ് കർത്താവ് മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത് . അതു കേവലം പ്രകൃതിയാലുള്ള സംഭവങ്ങൾ മാത്രം ആകണമെന്നില്ല, പ്രത്യുത മനുഷ്യൻ കൃത്രിമമായി ചെയ്തു കൊണ്ടിരിക്കുന്ന ബഹിരാകാശ യുദ്ധ സ്ഫോടന സംവിധാനങ്ങളും അതിൽ ഉൾപ്പെട്ടേക്കാം. പക്ഷേ , ഇന്നു ദർശിക്കുന്ന പ്രസ്തുത സംഗതി കൾ കർത്താവിന്റെ വരവിന്റെ അടയാളങ്ങൾ ആയിരിക്കുന്നില്ല, ഒരു പക്ഷേ അവയെല്ലാം അതിന്റെ പശ്ചാത്തലം ഒരുക്കിയേക്കാം എങ്കിൽ പോലും !

**7) മത്തായി 24:32,33 അത്തിയെ നോക്കി ഒരുപമ പഠിപ്പിൻ അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൽ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവീൻ (ലൂക്കൊസ് 21:29, മർക്കൊസ് 13:28)**

അത്തിവൃക്ഷം യിസ്രായേലിന്റെ രാഷ്ട്രീയ ജീവിതത്തെ കാണിക്കുന്നു എന്നും ആയ തിനാൽ 1948 മേയ് 14–ാം തീയതി രാത്രി യിസ്രായേൽ പശ്ചിമേഷ്യയിൽ വീണ്ടും ഒരു രാഷ്ട്ര മായി പ്രഖ്യാപിക്കപ്പെട്ടത് ‘‘അത്തിയുടെ തളിർപ്പായിരുന്നു’’ എന്ന് ഘോരം ഘോരം പ്രസംഗി ക്കുകയും പഠിപ്പിച്ച് പോരുകയും ചെയ്യുന്നു. വളരെ അധികം അനുഭൂതികളും (ലിമെശേീ) വികാര പ്രകടനങ്ങളും (emotional expressions) ഇതു മുഖേന കഴിഞ്ഞ 55 വർഷങ്ങളായി നടന്നു കൊണ്ടിരിക്കുന്നു.

മത്തായി 21 ൽ ഫലം കായിക്കാത്ത അത്തിയെ ശപിച്ച് യിസ്രായേലിന്റെ അനാത്മികത യേയും ദൈവത്തിൽ നിന്നുള്ള അകൽച്ചയേയും കർത്താവ് പ്രഖ്യാപിച്ചെങ്കിലും 1948–ൽ നടന്ന രാഷ്ട്രീയ ഉയിർത്തേഴുന്നേൽപ്പാണ് എന്നുള്ള വ്യാഖ്യാനം ശരിയല്ല.

ഇവിടെ അത്തിയെ യിസ്രായേലിന്റെ രാഷ്ട്രീയ ജീവിതത്തോട് ഉപമച്ചിരുന്നു എങ്കിൽ ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ‘‘മുതലായ സകല വൃക്ഷങ്ങളും’’ (ലൂക്കോസ് 21:29) എന്നു വച്ചാൽ മെഡിറ്ററേനിയൻ കാലാവസ്ഥയിൽ വളരുന്ന ഒലിവ് , കരുവേലകം , പന, തുടങ്ങിയ വൃക്ഷങ്ങൾ എല്ലാം തന്നെ യിസ്രായേലിന്റെ രാഷ്ട്രീയ ജീവിതത്തോട് ഉപമി ക്കേണ്ടതായി വരും.

ആയതിനാൽ ഇവിടെ ഒരു രാഷ്ട്രീയ ഉപമാനം പ്രസക്തമായി കാണുന്നില്ല. കർത്താവ് തന്റെ സാധാരണയിൽ സാധാരണയായ ശിഷ്യൻമാർക്ക് മനസിലാകത്തക്ക വിധത്തിൽ ‘‘ അറിയുന്നതിൽ നിന്നും അറിയാത്തതിലേക്ക് ’’ (Known to unknown) എന്ന അദ്ധ്യാപന രീതിയിൽ ഒരു സാദൃശ്യം പറഞ്ഞു എന്നേയുള്ളൂ.

ഏതാണ്ട് ഏപ്രിൽ മേയ് മാസം ആകുമ്പോഴേക്കും പശ്ചിമേഷ്യ വേനലിനായി ഒരുങ്ങി യിരിക്കും. ഋതുക്കളുടെ (ടലമഃീി) വരവ് ചില അടയാളങ്ങൾ കണ്ടു കൊണ്ടായിരുന്നു അന്ന് അവർ ഗൗനിച്ചിരുന്നത്. വേനലിന് തൊട്ടു മുമ്പായി അത്തി , ഒലിവ് , മുന്തിരി മുത ലായ വൃക്ഷങ്ങൾ തളിരിലകൾ (ലേിറല്യ വെീീ) പുറപ്പെടുവിക്കുമ്പോൾ അവിടെ പാർക്കുന്ന ഏതൊരുവനും മനസ്സിൽ പറയും ‘‘ഇതാ , വേനൽ അടുത്തു വരുന്നു’’

മത്തായി 24:33 –ൽ അങ്ങനെ നിങ്ങൾ ***ഇതൊക്കെയും*** കാണുമ്പോൾ അവൻ അടുക്കെ ***വാതില്ക്കൽ*** ആയിരിക്കുന്നുവെന്ന് അറിഞ്ഞുകൊൾവിൻ എന്നു വായിക്കുന്നു,

അടിവരയിട്ടിരിക്കുന്ന ‘ ഇതൊക്കെയും’, ‘വാതിലും’ ഏതാണ് ? കർത്താവ് ‘ഇതൊ ക്കെയും ’ (all these things) എന്നു ഉദ്ദേശിച്ചത് അതിനു മുമ്പ് പറഞ്ഞ അടയാളങ്ങളാണ്. അതിനാൽ മത്തായി 24:4 മുതലുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അടയാളങ്ങൾ ‘‘ അത്തിയുടെ തളിർപ്പിനോട്’’ സാദൃശികരിച്ചിരിക്കുന്നു. മാത്രമല്ല പ്രസ്തുത അടയാളങ്ങൾ

കർത്താവിന്റെ 'വാതിലിനോട്' (gate) അടുത്തിരിക്കുന്നതിനേയും കാണിച്ചിരിക്കുന്നു.ഏതാണ് ആ വാതിൽ ? വെളിപ്പാട് 19:11 ൽ സ്വർഗ്ഗ കവാടം തുറന്നു മശിഹാ ഭൂമിയിലേക്ക് ഇറങ്ങി വരുന്ന സംഭവം നാം വായിക്കുന്നു. ആയതിനാൽ കർത്താവിന്റെ മഹത്വ പ്രത്യക്ഷത്യ്ക്ക് തൊട്ടു മുമ്പുള്ള ഏഴു വർഷങ്ങളിൽ ഉണ്ടാകാൻ പോകുന്ന അടയാളങ്ങളെ അത്തി മുതലായ വൃക്ഷങ്ങളുടെ തളിർപ്പിനോട് ഉപമിച്ചിരിക്കുന്നു.

**8) മത്തായി 24 :40,41 അന്ന് രണ്ടു പേർ വയലിൽ ഇരിക്കും ; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും . രണ്ടു പേർ ഒരു തിരികല്ലിൽ പൊടിച്ചു കൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും 'എടുക്കപ്പെടലും' 'ഉപേക്ഷിക്കപ്പെടലും' എന്താണ് ?**

ന്യായവിധിക്കായി എടുക്കപ്പെടുന്നത് (taken) ആയിരമാണ്ടു വാഴ്ചയ്ക്കായി ഉപേക്ഷിക്കപ്പെടുന്നതും (left) ഇവിടെ വിവിക്ഷിച്ചിരിക്കുന്നത് . പലരും തിരിച്ചാണ് പഠിപ്പിക്കുന്നത്.

**9) മത്തായി 25:1–13 വരെ ആരാണ് പത്ത് കന്യകമാർ?**

പ്രസ്തുത ഭാഗം അനേക വ്യാഖ്യാന പ്രശ്നങ്ങളിൽ കൂടി കടന്നു പോയിട്ടുണ്ട്. വിശ്വസ്തരായി കാത്തിരുന്ന 5 കന്യകമാർ പ്രതിനിധികരിക്കുന്നത് സഭയും മറ്റ് 5 പേർ രക്ഷിക്കപ്പെടാത്തതായ യഹൂദ ജനവും ആണ് എന്ന് പഠിപ്പിച്ചു പോരുന്നു. മറ്റ് ചിലർ വിശ്വസ്തരായ 5 കന്യകമാർ പ്രതിനിധികരിക്കുന്നത് സഭയുടെ ഉത്പ്രാപണത്തിന് തൊട്ടു മുമ്പായി കർത്താവിന്റെ വരവിനായി വിശ്വസ്തതയോട് കാത്തിരിക്കുന്ന വിശ്വാസികളും മറ്റ് 5 പേർ പ്രതിനിധീകരിക്കുന്നത് കർത്താവിന്റെ വരവിനായി തീവ്രതയില്ലാതെ അലക്ഷ്യരായി ഇരിക്കുന്ന വിശ്വാസികളുമാണ് എന്ന് പഠിപ്പിച്ചു പോരുന്നു.

ഏതൊരു കാലത്തുമുള്ള സഭാവിശ്വാസികൾ കർത്താവിന്റെ വരവിനായി ജാഗരൂകരായിരിക്കണമെന്ന പ്രായോഗിക പ്രബോധനം ഈ ഭാഗത്തു നിന്ന് ഉൾക്കൊള്ളാമെങ്കിൽ തന്നേയും കർത്താവ് ഇവിടെ സഭയെ വിവക്ഷിച്ചിട്ടില്ല.

യഹൂദ ജാതിയുടെ ഭാവിയുടെ പശ്ചാത്തലത്തിൽ പ്രഭാഷണം തുടരുമ്പോൾ, അവിടെ ഉദ്ദേശിച്ചിരിക്കുന്നത് സഭയുടെ ഉത്പ്രാപണാനന്തരം ഭൂമിയിൽ ശേഷിക്കപ്പെടുന്ന യഹൂദ ജനതെയാണ്. ജാഗരൂകരായ 5 കന്യകമാർ പ്രതിനിധീകരിക്കുന്നത് രാജ്യത്തിന്റെ സുവിശേഷം കേട്ട് മശിഹായുടെ വരവിനായി (മഹത്വ പ്രത്യക്ഷതയ്ക്കായി) കാത്തിരിക്കുന്ന യഹൂദാ ശേഷിപ്പും , മറ്റ് 5 പേർ പ്രതിനിധീകരിക്കുന്നത് അലക്ഷ്യമായി ജീവിതം കഴിക്കുന്ന അവിശ്വസ്തരായ യഹൂദാ ശേഷിപ്പും ആണ്.

5 കന്യകമാർ കർത്താവിന്റെ പുനരാഗമനത്തിനു മുമ്പുള്ള വിശ്വസ്തരായ സഭാംഗങ്ങളെ പ്രതിനിധീകരിക്കുന്നു, മറ്റ് 5 പേർ അലക്ഷ്യരായ സഭാംഗങ്ങളെ പ്രതിനിധീകരിക്കുകയും ചെയ്യുന്നുവെങ്കിൽ , വിശ്വാസികൾക്ക് രക്ഷ നഷ്ടപ്പെട്ടേക്കാം എന്നുള്ള രക്ഷാതത്വശാസ്ത്ര ദുരുപദേശത്തിൽ ചെന്ന് എത്തിച്ചേരേണ്ടിവരും. മാത്രമല്ല സഭ മഹോപദ്രവത്തിൽ കൂടി കടന്നു പോകുന്നു എന്ന ദുർ വ്യാഖ്യാനങ്ങളും നാം അംഗീകരിക്കേണ്ടതായി വരും. ഈ ഭാഗത്ത് കാണുന്ന വിളക്ക് വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യാത്തിൽ കാണുന്ന 7 നില വിളക്കുകളാകുന്ന സഭയല്ല. അപ്രകാരം തന്നെ എണ്ണയെ പരിശുദ്ധാത്മാവിനോട് ഉപമിച്ചിട്ടുണ്ടെങ്കിലും ഇവിടെ കാണുന്ന എണ്ണ പരിശുദ്ധാത്മാവ് അല്ല.

കർത്താവിന്റെ കാലയളവുകളിൽ യഹൂദ സമൂഹങ്ങളിൽ നില നിന്നിരുന്ന വിവാഹ സാംസ്കാരിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉപമാനത്തെ വിചിന്തനം ചെയ്താൽ ഇപ്രകാരമുള്ള ആശയ കുഴപ്പങ്ങൾ നീങ്ങി കിട്ടും.

നിയുക്ത വധുവിനു വേണ്ടി കുടുംബ പ്രതിനിധി പോകുകയും, തദാനന്തരം വിവാഹ മോതിര മാറ്റം നടക്കുകയും ചെയ്ത ശേഷം മണവാളൻ തന്റെ പിതാവിന്റെ ഭവനത്തിലേക്ക് തിരികെ പോരുന്നു. ചില മാസങ്ങൾക്കു ശേഷം പിതാവിന്റെ ഭവനത്തിൽ ( കൂട്ടു കുടുംബ സമ്പ്രദായ പശ്ചാത്തലത്തിൽ) തങ്ങൾക്ക് ഒരു വാസസ്ഥലം ഒരുക്കിയ ശേഷം മണവാട്ടിയെ കൂട്ടിക്കൊണ്ടു പോകുവാൻ വരുന്ന മണവാളന്റെ ഉത്സവോത്മകമായ വരവും അതിനു വേണ്ടി മണവാട്ടിയോടു കൂടി ജാഗരൂകരായിരിക്കേണ്ട തോഴിമാരായ കന്യകമാരാണ് ഇവിടെ പശ്ചാത്തലം. വിളക്കിനോ എണ്ണയ്ക്കോ അല്ല ഇവിടെ ഊന്നൽ പ്രസ്തുത വിശ്വസ്തമായ ജാഗരൂകതയ്ക്കാണ് പ്രസക്തി. (faithful watching)

ആയതിനാൽ മഹത്വ പ്രത്യക്ഷത്യ്ക്ക് തൊട്ടു മുമ്പുള്ള ഏതാണ്ട് മൂന്നര വർഷക്കാലം മശിഹായെ എതിരേൽക്കാൻ ജാഗരൂകരായിരിക്കേണ്ട യഹൂദ ശേഷിപ്പിനെയാണ് 10 കന്യക മാർ പ്രതിനിധീകരിക്കുന്നത്.

## ഉപസംഹാരം

വിസ്താരഭയത്താൽ ഈ ചർച്ചകൾ ഇങ്ങനെ ഉപസംഹരിക്കട്ടെ.

1. കർത്താവിന്റെ ഒലിവുമല പ്രഭാഷണത്തിൽ സഭ വിഷയീഭവിക്കുന്നില്ല. യഹൂദ ജാതി യുടെ ഭാവിയാണ് വിവിക്ഷിക്കപ്പെട്ടിരിക്കുന്നത്.

2. ആയതിനാൽ സഭയുടെ ഉത്പ്രാപണം (rapture) ഇവിടെ വിഷയീഭവിച്ചിട്ടില്ല. മഹത്വ പ്രത്യക്ഷതയ്ക്ക് മുമ്പുള്ള കാലയളവ് കർത്താവ് വിശദീകരിക്കയായിരുന്നു.

3. സഭയുടെ ഉത്പ്രാപണത്തിന് യാതൊരു അടയാളവും കർത്താവ് പറഞ്ഞിട്ടില്ല. എന്നാൽ മഹത്വ പ്രത്യക്ഷത്യ്ക്ക് മുമ്പുള്ള ധാരാളം അടയാളങ്ങൾ തന്റെ ഒലിവുമല പ്രഭാഷണ ത്തിലും തദാനന്തരം എ.ഡി 96 –ൽ യോഹന്നാനും വെളിപ്പെടുത്തി കൊടുത്തു. വെളി. 6–19 വരെ.

അപ്പോൾ ചോദിച്ചേക്കാം എന്താണ് ഇന്നത്തെ ലോകവ്യവസ്ഥിതികൾ കർത്താവിന്റെ വരവിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് പലരും പറയുന്നത് . ഒലിവു മല പ്രഭാഷണ ത്തിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങളിലേക്കും അവയുടെ തന്നെ വിശദീകരണ വെളിപ്പാടായി വെളിപ്പാട് പുസ്തകത്തിൽ കാണുന്ന അനേക സംഭവങ്ങളിലേക്കും ഇന്നത്തെ ശാസ്ത്രീയ സാങ്കേതിക സാമ്പത്തീക രാഷ്ട്രീയ പരിവർത്തനങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്ന് ഇത് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാകും. പക്ഷേ ഇന്ന് നടക്കുന്ന ഒരു സംഭവങ്ങളും അന്ന് നടക്കേണ്ടുന്ന 'അടയാളങ്ങൾ' (signs) ആയിരിക്കുന്നില്ല.

************************************************